
# എറണാകുളം മിസ്സം
# ERNAKULAM MISSAM
English & Malayalam Monthly

Vol. No. 69 Issue No. 07 July 2026 Rs. 15/-


MAJOR ARCHEPARCHY OF ERNAKULAM-ANGAMALY








ജൂലൈ 3–ന് നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന

# മാർ തോമസ് ചക്യത്ത് പിതാവിന്

എറണാകുളം – അങ്കമാലി അതിരൂപതയുടെ

## പ്രാർത്ഥനാശംസകൾ!!!

# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 69 Issue No. 7 July 2026 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ
5. ഇടയലേഖനം - ദുക്റാന
10. യുവജനദിനം - കെസിബിസി
14. കച്ചേരിക്കാര്യം
17. വാർത്തകളും വിശേഷങ്ങളും
19. വിശ്വാസപരിശീലന കേന്ദ്രം
21. ഫാമിലി അപ്പോസ്റ്റലേറ്റ്
24. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)
27. നൈപുണ്യ ഇന്റർനാഷണൽ
30. ചിറ്റൂർ ധ്യാനകേന്ദ്രം
31. ഇവാഞ്ചലൈസേഷൻ ഡിപ്പാർട്ടുമെന്റ്
32. ബൈബിൾ അപ്പോസ്റ്റലേറ്റ്
40. സുബോധന, അങ്കമാലി
41. AICO (Archdiocesan Institutions' Central Office)
42. കോർപറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
44. KCSL
45. ചെറുപുഷ്പ മിഷൻ ലീഗ് (CML)
46. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Tharayil Varkey, Kuthiathodu | 1879 | 1905 | 1-7-1934 |
| Fr. Panjikaren Valiya Joseph, Kuthiathode | | | 1-7-1825 |
| Fr. Thaliath Baselios TOCD, Puthenpally | 1853 | 1878 | 3-7-1916 |
| Fr. Payyappilly Paul, Akaparambu | 1935 | 1963 | 4-7-2018 |
| Fr. Kandathil Thomas, Chempu | 1856 | 1880 | 5-7-1912 |
| Fr. Chennekadan Gerard, Angamaly | | | 5-7-1927 |
| Fr. Vithayathil Joseph, Kuthiathodu | 1929 | 1956 | 5-7-1994 |
| Fr. Parakkal Thariath, Kanjoor | 1880 | 1910 | 6-7-1949 |
| Fr. Maniamkottu Emmanual, South Paravur | 1929 | 1958 | 6-7-1994 |
| Fr. Nayappilly Pathrose, Kothavara | 1899 | 1929 | 7-7-1935 |
| Fr. Alumkara Kuruvila, Vaikom | 1885 | 1911 | 8-7-1946 |
| Fr. Maniamkot Isaac, Chethikode | 1913 | 1940 | 9-7-1997 |
| Msgr. Painumkal Joseph, Chathamma | 1894 | 1920 | 10-7-1967 |
| Fr. Puthussery Varghese, Mookkannoor | 1952 | 1978 | 10-7-2008 |
| Fr. Cheruvallil Kuriakose, Amballoor | 1940 | 1967 | 10-7-2019 |
| Fr. Manikanamparambil Kuriakose, South Paravur | 1859 | | 13-7-1905 |
| Fr. Payyappilly Paul, Kanjoor | 1939 | 1962 | 13-7-2013 |
| Fr. Pudichery George, Edad | 1927 | 1955 | 14-7-2009 |
| Fr. Vezhaparampil Joseph, Kanjoor | 1857 | 1902 | 15-7-1933 |
| Fr. Mangalath Jacob TOCD, Pallipuram | 1828 | | 16-7-1876 |
| Msgr. Kandathil Augustine, Nadel | 1920 | 1947 | 18-7-2001 |
| Fr. Parecattil Thomas, Peechanikkad | 1949 | 1975 | 18-7-2024 |
| Fr. Kiriyanthan Sebastian, Narakkal | 1916 | 1947 | 20-7-2005 |
| Fr. Kavalipadan Joseph, Karippassery | 1928 | 1956 | 20-7-2016 |
| Fr. Valookkaran Mathew, Karukutty | 1937 | 1966 | 20-7-2022 |
| Fr. Vezhaparampil Kochouseph, Kanjoor | 1881 | 1909 | 22-7-1941 |
| Fr. Kelamparambil Job, Thycattussery | 1949 | 1975 | 22-7-2021 |
| Fr. Nereveettil George, Edappally | 1963 | 1990 | 22-7-2022 |
| Fr. Sankoorikal Joseph, Narakkal | 1905 | 1935 | 24-7-1989 |
| Fr. Palakkal Kurian TOCD, Pallipuram | 1826 | 1861 | 24-7-1898 |
| Fr. Parappuram Paul, Vallam | 1883 | 1910 | 25-7-1956 |
| Fr. Mulavarikkal Thomas, Prasannapuram | 1922 | 1952 | 29-7-2000 |
| Fr. Kudiyiruppil Joseph, Mattoor | 1931 | 1959 | 29-7-2015 |
| Fr. Panjikaren Joseph, Muttom | 1888 | 1916 | 30-7-1973 |
| Fr. Cheruvallikatt Xavier, Muttom | 1927 | 1957 | 30-7-2004 |
| Fr. Karachira Jose, Thanneermukkom | 1969 | 1994 | 30-7-2023 |

Prot. No. 0444/2026

# ഇടയലേഖനം

## ദുക്റാനതിരുനാൾ – സഭാദിനം 2026

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും
വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ദുക്റാനതിരുന്നാൾ ഒരിക്കൽകൂടി നമ്മൾ ആഘോഷിക്കയാണ്. "നമുക്കും അവനോടൊപ്പം പോയി മരിക്കാം" (യോഹ. 11:16) എന്നു പറഞ്ഞുകൊണ്ട് ഭയചകിതരായിരുന്ന മറ്റ് അപ്പസ്തോലന്മാരെ ധൈര്യപ്പെടുത്തിയ തോമാശ്ലീഹാ സുവിശേഷസന്ദേശം ഭാരതജനതയ്ക്കു നല്കുന്നതിനായി ഇവിടെ വരികയും എ.ഡി 72ൽ ചെന്നൈ അടുത്തുള്ള ചിന്നമലയിൽ രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു. തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്തിന്റെയും രക്തസാക്ഷിത്വത്തിന്റെയും ഏറ്റവും വലിയ തെളിവുകളിലൊന്നാണ് മാർതോമാപാരമ്പര്യത്തിൽ ജീവിക്കുന്ന ഭാരതത്തിലെ സഭാസമൂഹങ്ങൾ. സീറോമലബാർസഭയെ സംബന്ധിച്ചു ജൂലൈ മൂന്നാം തീയ്യതി ആത്മീയസ്വത്വത്തിന്റെ ദിവസമാണ്. അതുകൊണ്ടുതന്നെയാണ് ദുക്റാനതിരുന്നാൾ സീറോമലബാർ സഭാദിനമായും നമ്മൾ ആഘോഷിക്കുന്നത്.

ഉത്ഥിതനായ ഈശോ തങ്ങൾക്കു പ്രത്യക്ഷനായി എന്നു മറ്റ് അപ്പസ്തോലന്മാർ പറഞ്ഞതു വിശ്വസിക്കാതെ തനിക്കും ഗുരുവിനെ കാണണം എന്നു ശ്ലീഹ വാശിപിടിക്കുന്ന രംഗം വളരെ ഹൃദയസ്പർശിയാണ്. തോമാശ്ലീഹായുടെ ഈ സംശയം നിഷേധാത്മകമായ സമീപനമല്ല. ആദ്യം സംശയിച്ച തോമസ് പിന്നീടു വിശ്വാസത്തിന്റെ ധീരസാക്ഷിയായി മാറുന്നു. സംശയത്തിൽനിന്നു വിശ്വാസത്തിലേക്കും അന്വേഷണത്തിൽനിന്നു സാക്ഷ്യത്തിലേക്കും ശിഷ്യത്വത്തിൽനിന്നു രക്തസാക്ഷിത്വത്തിലേക്കും തോമാശ്ലീഹാ നടത്തിയ യാത്രയാണ് ഓരോ ക്രൈസ്തവന്റെയും ആത്മീയയാത്ര. അതുകൊണ്ടാണ് "തോമായുടെ അവിശ്വാസം മറ്റുള്ള ശിഷ്യരുടെ വിശ്വാസത്തെക്കാൾ നമ്മുടെ വിശ്വാസത്തിനു കൂടുതൽ ഉപകാരപ്രദമായി" (*Homilie in Evangelica,* 26,7) എന്നു മഹാനായ വി. ഗ്രിഗറി മാർപാപ്പ പറഞ്ഞത്.

ഇന്നത്തെ തലമുറ സംശയങ്ങളുടെയും ആശയകുഴപ്പങ്ങളുടെയും നടുവിലാണ് ജീവിക്കുന്നത്. നിർമിതബുദ്ധിയുടെയും വിവരവിപ്ലവത്തിന്റെയും ഈ കാലഘട്ടം ഏറെ വെല്ലുവിളികൾ നിറഞ്ഞതാണ്. പരിശുദ്ധപിതാവ് ലെയോ പതിനാലാമൻ മാർപാപ്പ, `മാനവമഹത്വം' (*Magnifica Humanitas*) എന്ന പേരിൽ സാർവത്രികസഭക്കു നല്കിയ ആദ്യത്തെ ചാക്രികലേഖനം ലോകശ്രദ്ധയാകർഷിച്ചിരിക്കുകയാണ്. മനുഷ്യനിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന മഹത്വത്തിന്റെ അടിസ്ഥാനത്തിൽ, സാങ്കേതികവിദ്യ മനുഷ്യനുവേണ്ടിയാണെന്നും അതിനാൽത്തന്നെ മനുഷ്യൻ സാങ്കേതികവിദ്യയുടെ അടിമയാകരുത് എന്നതുമാണ് ഈ ചാക്രികലേഖനത്തിന്റെ അടിസ്ഥാനദർശനം. പരിശുദ്ധപിതാവ് ഇപ്രകാരം പറയുന്നു: "മനുഷ്യന്റെ അന്തസ് അവന്റെ കഴിവുകളെയോ സമ്പത്തിനെയോ സാമൂഹികസ്ഥാനത്തെയോ ആശ്രയിച്ചല്ല; അതു ദൈവത്തിന്റെ സ്നേഹത്തിൽ നിന്നുള്ള ദാനമാണ്" (മാനവമഹത്വം, 50). മനുഷ്യന്റെ അന്തസും മഹത്വവും സംരക്ഷിച്ചുകൊണ്ട് നീതിയുടെയും സാഹോദര്യത്തിന്റെയും ലോകം പണിയുക എന്നത് ഓരോ തലമുറയുടെയും ദൗത്യമാണെന്നും ചാക്രികലേഖനം വ്യക്തമാക്കുന്നു.

ഇന്നത്തെ മാധ്യമ-ഡിജിറ്റൽ സംസ്കാരത്തിൽ, മനുഷ്യഹൃദയങ്ങളിൽ ധ്രുവീകരണവും വിരോധവും വർധിപ്പിക്കുന്നതിനാൽ സത്യത്തെ അന്വേഷിക്കുകയും വിവേകപൂർണമായ കൂട്ടായ തീരുമാനങ്ങളിലേക്ക് എത്തിച്ചേരുകയും ചെയ്യേണ്ടത് ക്രൈസ്തവരുടെ അടിയന്തിര ഉത്തരവാദിത്വമാണെന്നു മാർപാപ്പ ഓർമിപ്പിക്കുന്നു. അഭ്യൂഹങ്ങൾ പ്രചരിപ്പിച്ചു സത്യത്തെ മൂടിവയ്ക്കുന്ന ഈ കാലഘട്ടത്തിൽ, മാർ തോമാശ്ലീഹായെപ്പോലെ സത്യാന്വേഷികളാകാൻ നമുക്കും സാധിക്കണം. സോഷ്യൽമീഡിയ വിവിധ ജീവിതമേഖലകളിൽ സഹായകരമാണെന്നതിൽ തർക്കമില്ല. എന്നാൽ, വ്യാജവാർത്തകളും വിദ്വേഷപ്രചരണങ്ങളും അപവാദങ്ങളും ബോധപൂർവം പ്രചരിപ്പിക്കപ്പെടുന്ന ഇടംകൂടിയാണിത് എന്നതു യാഥാർഥ്യമാണ്. മറ്റുള്ളവരെ അപകീർത്തിപ്പെടുത്തുന്നതും നിഷ്കളങ്കരെ ഉപദ്രവിക്കുന്നതും അസത്യം പ്രചരിപ്പിക്കുന്നതുമായ സോഷ്യൽമീഡിയ പോസ്റ്റുകൾ ഉണ്ടാക്കുകയും അവ വിവേചനമില്ലാതെ ഫോർവേഡുചെയ്യുകയും ചെയ്യുമ്പോൾ, `കൊല്ലരുത്' എന്ന അഞ്ചാം പ്രമാണമാണ് ലംഘിക്കുന്നത്. അറിയില്ലാത്ത കാര്യം അന്വേഷിക്കാനും നന്മയല്ലാത്തവ പ്രോത്സാഹിപ്പിക്കാതിരിക്കാനും തിന്മയെ എതിർത്തുതോല്പ്പിക്കാനും ആവശ്യമായ വിവേചനാശക്തിയും ജാഗ്രതയും ഇന്നു നമുക്കാവശ്യമാണ്.

ഇന്നു നമ്മുടെ സമൂഹത്തിൽ പാവപ്പെട്ടവരും സ്വാധീനമില്ലാത്തവരും അവഗണിക്കപ്പെടുന്ന സാഹചര്യമുണ്ട്. പ്രായമായ മാതാപിതാക്കൾ പലപ്പോഴും മക്കളുടെ ക്രൂരതയ്ക്ക് ഇരയാകുന്നു. കുടുംബങ്ങളിലും സമൂഹത്തിന്റെ വിവിധതലങ്ങളിലും ബന്ധങ്ങൾക്കു വിള്ളൽ വീഴുമ്പോൾ മുറിവേല്ക്കപ്പെ

ടുന്നത് നീതിയുടെയും ന്യായത്തിന്റെയും പക്ഷത്തുനില്ക്കുന്നവരാണ്. വളർന്നുവരുന്ന കുട്ടികളുടെയിടയിൽ വർധിച്ചുവരുന്ന അക്രമം ആശങ്കകളുയർത്തുന്നു. ലഹരിയുടെ ഉപയോഗവും അതുവഴിയുള്ള അക്രമങ്ങളും സമൂഹത്തിന്റെ സുസ്ഥിതിയെത്തന്നെ അപകടത്തിലാക്കുന്നു. ഇവിടെയെല്ലാം മനുഷ്യന്റെ മഹത്വം നഷ്ടപ്പെടുത്തുന്ന സാഹചര്യങ്ങൾ നിലനില്ക്കുന്നുണ്ട്. പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്യുന്നതുപോലെ മനുഷ്യന്റെ അഹങ്കാരത്തിന്റെയും താൻപോരിമയുടെയും പ്രതീകമായ ബാബേൽ ഗോപുരങ്ങൾ തകർത്തുകളഞ്ഞു നീതിയും സമാധാനവും നിലനില്ക്കുന്ന ദൈവമനുഷ്യനഗരത്തിന്റെ നിർമിതിക്കായി ഓരോരുത്തരും അവരവരുടെ പ്രവർത്തനമേഖലകളിൽ ജാഗ്രതയോടെ വർത്തിക്കേണ്ടിയിരിക്കുന്നു (മാനവമഹത്വം, 1).

വിശ്വാസത്തിന്റെ ആദ്യപാഠശാല കുടുംബമാണ്. മാതാപിതാക്കളും മക്കളും ഒരുമിച്ചു പ്രാർഥിക്കുന്നതും ഭക്ഷണം കഴിക്കുന്നതും കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ പങ്കുവയ്ക്കുന്നതും നമ്മുടെ ധന്യമായ പാരമ്പര്യങ്ങളിൽപെട്ടവയാണ്. എല്ലാവരും അവരവരുടെ തിരക്കുകളിലും ജോലികളിലും വ്യാപൃതരാകുമ്പോൾ കുടുംബത്തിന്റെ പൊതുവായ ആത്മീയത കാത്തുസൂക്ഷിക്കുന്നതിൽ വീഴ്ച്ചവരുന്നുണ്ടോ എന്ന് ആത്മപരിശോധന ചെയ്യേണ്ടിയിരിക്കുന്നു. മാതാപിതാക്കൾ മക്കൾക്കു സാങ്കേതികവിദ്യയുടെ ഉപയോഗത്തോടൊപ്പം മാനുഷികമൂല്യങ്ങളും കൈമാറണം. ഡിജിറ്റൽ അടിമത്തത്തിന്റെ അപകടത്തെക്കുറിച്ചു ലെയോ മാർപാപ്പ തന്റെ ചാക്രികലേഖനത്തിൽ പ്രത്യകം പരാമർശിക്കുന്നുണ്ട്. മൊബൈൽ ഫോണിന്റെ അമിത ഉപയോഗം, കുടുംബാംഗങ്ങൾ തമ്മിലുള്ള സംസാരം കുറയുന്നത്, കുട്ടികളിൽ വർധിച്ചുവരുന്ന സ്ക്രീൻ ആശ്രയത്വം, പ്രാർഥനക്കുള്ള സമയക്കുറവ് ഇതെല്ലാം ഇന്നു നമ്മുടെ കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങളാണ്. കുടുംബസാഹചര്യങ്ങൾ ഒരു വ്യക്തിയുടെ ആത്മീയവും ഭൗതീകവുമായ രൂപീകരണത്തിൽ ചെലുത്തുന്ന സ്വാധീനം വളരെ വലുതും നിർണായകവുമാണെന്നു പറയേണ്ടതില്ലല്ലോ. അതിനാൽ കുടുംബങ്ങളിൽ 'ഡിജിറ്റൽ ഉപവാസം' (digital fasting) ആചരിക്കാനും ഭക്ഷണസമയങ്ങളിൽ ഫോൺ ഒഴിവാക്കാനും ദിവസവും കുടുംബപ്രാർഥനക്കു സമയം കണ്ടെത്താനും എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

കൂട്ടായ്മ സഭയുടെ സ്വഭാവമാണ്. അതിനാൽത്തന്നെ സഭാംഗങ്ങളെല്ലാവരും കൂട്ടായ്മ യിൽ വ്യാപരിക്കുകയും കൂട്ടായ്മ വളർത്തുകയും ചെയ്യുന്നവരാകണം. സഭയിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. എന്നാൽ വിഭാഗീയചിന്താഗതി സഭാചൈതന്യത്തിനു നിരക്കുന്നതല്ല. സഭയെന്നാൽ നാമെല്ലാവരും ഉൾപ്പെടുന്ന വലിയ കൂട്ടായ്മയാണ്. അതിനാൽത്തന്നെ സഭാസംവിധാനങ്ങളോടു ചേർന്നു പ്രവർത്തിക്കാനുള്ള കടമ എല്ലാവർക്കുമുണ്ട്. വി. സിപ്രിയന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്: "സഭയെ

അമ്മയായി കാണാൻ കഴിയാത്തവർക്കു ദൈവത്തെ പിതാവായി കാണാനും കഴിയില്ല" (*Habere non potest Deum Patrem qui Ecclesiam non habet matrem, De Catholicae Ecclesiae Unitate*, 6).

2026 നമ്മുടെ സഭയിൽ സമുദായശക്തീകരണവർഷമായി ആചരിക്കുകയാണല്ലോ. ഈ വർഷാചരണത്തിനുവേണ്ടി സഭയുടെ പബ്ലിക് അഫയേഴ്സ് കമ്മീഷൻ വിഭാവനം ചെയ്തതും സിനഡ് അംഗീകരിച്ചതുമായ കർമപരിപാടികൾ സഭയുടെ വിവിധതലങ്ങളിൽ ഫലപ്രദമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കുമല്ലോ. ഒരു വിശ്വാസി സമൂഹമെന്നനിലയിൽ നമ്മുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി നാം വിട്ടുവീഴ്ച്ചയില്ലാതെ നിലകൊള്ളുമ്പോഴും മറ്റുള്ളവരെ ബഹുമാനിക്കാനും പൊതുകാര്യങ്ങളിൽ സഹകരിക്കാനും സാധ്യമായ ഇടങ്ങളിലെല്ലാം കൈകോർത്തുപിടിക്കാനും സഭാംഗങ്ങൾ ശ്രദ്ധകാണിക്കണം. സമൂഹത്തിന്റെ പൊതുനന്മക്കുവേണ്ടി, നീതിപൂർവകമായ ഒരു ലോകനിർമ്മിതിക്കുവേണ്ടി എല്ലാവരുമായും സംവദിക്കാനും സഹകരിക്കാനും സഭയെന്നും തത്പരയാണ്. ആരെയും മാറ്റിനിറുത്താതെ, വ്യത്യാസങ്ങളെ ഭയപ്പെടാതെ, സ്നേഹത്തോടെയും സത്യത്തോടെയും മറ്റുള്ളവരുമായി സംവദിക്കുന്ന സഭയായി നമ്മൾ മുന്നോട്ടുപോകണം.

നമ്മുടെ പിതാവിന്റെ ധീരമായ മാതൃക പിന്തുടർന്ന് ഈശോയുടെ സുവിശേഷം നിർഭയം പ്രഘോഷിക്കാൻ നമുക്ക് കടമയുണ്ട്. നമ്മുടെ സഭാമക്കൾ സുവിശേഷത്തിന്റെ ശുശ്രൂഷക രായി ലോകത്തിന്റെ വിവിധഭാഗങ്ങളിൽ സേവനം ചെയ്യുന്നു എന്നതോർത്തു ദൈവത്തിനു നന്ദിപറയാം. നമ്മുടെ സഭ ഈ അടുത്ത കാലങ്ങളിൽ സുവിശേഷപ്രഘോഷണമേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്ന മുന്നേറ്റങ്ങളെ ഈയവസരത്തിൽ അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. വൈദികരോടും സമർപ്പിതരോടുമൊപ്പം ധാരാളം അല്മായപ്രേഷിതരും സുവിശേഷപ്രഘോഷണത്തിൽ വ്യാപൃതരാണ് എന്നത് ഏറെ സന്തോഷകരമായ കാര്യമാണ്. നമ്മുടെ സഭയിലെ അല്മായരുടെ സുവിശേഷപ്രഘോഷണസംരംഭങ്ങൾ ഏകോപിപ്പിക്കുന്നതിനു സഭാതലത്തിൽ 'ജീവൻ ജ്യോതി' എന്ന മുന്നേറ്റം ആരംഭിച്ച കാര്യവും ഈയവസരത്തിൽ സന്തോഷത്തോടെ അറിയിക്കുന്നു. നമുക്കു സാധിക്കുന്ന വിധത്തിലെല്ലാം എല്ലാ പ്രേഷിതസംരംഭങ്ങളെയും സഹായിക്കുകയും അവയുടെ ഫലപ്രാപ്തിക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യാം.

ഹൊസൂർ സീറോമലബാർ രൂപതയുടെ നേതൃത്വത്തിൽ മൈലാപൂരിൽ മാർത്തോമാശ്ലീഹായുടെ കബറിടം സ്ഥിതിചെയ്യുന്ന സാന്തോം കത്തീഡ്രലിന്റെ സമീപം നമുക്കു സ്വന്തമായി ഒരു തീർത്ഥാടനകേന്ദ്രം തയ്യാറായിക്കൊണ്ടിരിക്കുന്ന വിവരം സന്തോഷപൂർവം അറിയിക്കുന്നു. ഇതിനു നേതൃത്വംനല്കിയ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ പൊഴോലിപറമ്പിൽ പിതാവിനെയും രൂപതമുഴുവനെയും അഭിനന്ദിക്കുന്നു. ഈ സംരംഭത്തിന് ഇതു

വരെ നിർലോഭമായ സഹായം ഹൊസൂർ രൂപതയ്ക്ക് നല്കിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെ കബറിടത്തിനടുത്തു നമുക്കൊരു ആരാധനാ സ്ഥലം ഉണ്ടാവുക എന്ന വലിയ സ്വപ്നം പൂർത്തീകരിക്കാൻ നമ്മുടെ എല്ലാ ഇടവകകളും സാധിക്കുന്ന വിധത്തിൽ സഹകരിക്കണമെന്നും ഞാൻ സ്നേഹപൂർവം ഈ അവസരത്തിൽ അഭ്യർഥിക്കുന്നു.

ഈശോയിൽ പ്രിയപ്പെട്ടവരേ, തോമാശ്ലീഹായിലൂടെ നമുക്കു പകർന്നുകിട്ടിയ ഈശോയിലുള്ള വിശ്വാസത്തിനു ജീവിതംകൊണ്ട് സാക്ഷ്യംനല്കാൻ ഈ കാലഘട്ടത്തിൽ നമുക്ക് സാധിക്കണം. ഇന്നത്തെ സാഹചര്യത്തിൽ എല്ലാവരും ശാരീരികമായി രക്തംചിന്തി കർത്താവിനു സാക്ഷ്യംനല്കാൻ വിളിക്കപ്പെടുന്നില്ല. എന്നാൽ സഭയിലും സമൂഹത്തിലും കുടുംബങ്ങളിലും മറ്റെല്ലാ ജീവിതസാഹചര്യങ്ങളിലും സത്യത്തിന്റെയും നീതിയുടെയും വിശ്വാസത്തിന്റെയും ക്ഷമയുടെയും എളിമപ്പെടലിന്റെയും ദൈനംദിന രക്തസാക്ഷിത്വം ഈ കാലഘട്ടം നമ്മിൽനിന്ന് ആവശ്യപ്പെടുന്നുണ്ട്. ബാബേൽ ഗോപുരങ്ങൾ പണിയുന്നവരാകാതെ ദൈവവും മനുഷ്യനും ഒരുമിച്ചു വസിക്കുന്ന നഗരങ്ങൾ സഭയിലും സമൂഹത്തിലും കുടുംബങ്ങളിലും നിർമിക്കുന്ന കർത്താവിന്റെ ശില്പികളായി നമുക്കു മാറാം.

ദുക്റാനതിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും സ്നേഹപൂർവം നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർതോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2026-ാം ആണ്ട് ജൂൺ മാസം 20-ാം തീയതി നല്കപ്പെട്ടത്.

✠ റാഫേൽ തട്ടിൽ
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

(ഈ ഇടയലേഖനം 2026 ജൂൺ 28-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിത ഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കുന്നതിനായി നൽകപ്പെട്ടത്).

Ref: 4223/K-5/KCBC/OL/DS 15.06.2026

# 2026 ജൂലൈ 5 യുവജനദിനം: കെസിബിസി യുവജന കമ്മീഷൻ സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ടവരെ,

സഭയുടെ ജീവനും പ്രത്യാശയുമായ നമ്മുടെ യുവജനങ്ങളെ സ്നേഹപൂർവ്വം ചേർത്തു പിടിക്കുന്നതിനായി സഭ ഒരുക്കുന്ന ദിനമാണല്ലോ യുവജനദിനം. ജൂലൈ മാസം മൂന്നാം തീയതിക്ക് ശേഷം വരുന്ന ഞായറാഴ്ചയാണ് കേരളസഭ യുവജനദിനമായി ആചരിക്കുന്നത്. അതനുസരിച്ച്, ഈ വർഷം ജൂലൈ അഞ്ചാം തീയതി നാം ഭാരത കത്തോലിക്കാ സഭയോട് ചേർന്ന് വിപുലമായ രീതിയിൽ യുവജനദിനമായി ആഘോഷിക്കുന്നു.

കത്തോലിക്കാ സഭയിലെ വിവിധ യുവജന സംഘടനകളുടെ ഏകോപനവും പരസ്പര കൂട്ടായ്മയുമാണ് ഈ നാളുകളിൽ നാം പ്രധാനമായും ലക്ഷ്യം വെയ്ക്കുന്നത്. രൂപതകളിലും ഇടവകകളിലും പ്രവർത്തിക്കുന്ന വിവിധ യുവജന പ്രസ്ഥാനങ്ങളെ ചേർത്തുപിടിച്ചുകൊണ്ട്, സഭയുടെ സുവിശേഷ ദൗത്യത്തിൽ അവരെ ഒരൊറ്റ മനസ്സോടെ അണിനിരത്താൻ ഈ ദിനാചരണം നമുക്ക് വഴിയൊരുക്കണം.

കൃത്യമായ പരിശീലനങ്ങളിലൂടെയും ആഴമേറിയ കൂട്ടായ്മകളിലൂടെയും യുവജന സംഘടനകൾ ശാക്തീകരിക്കപ്പെടേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. സഭയോട് ചേർന്നുനിന്നു രാഷ്ട്രത്തിനും ആഗോള സമൂഹ ത്തിനും ക്രിയാത്മക സംഭാവനകൾ നല്കുന്നവരായി മാറാൻ യുവജനങ്ങൾ കൂടുതൽ മികവോടെ പ്രവർത്തനനിരതരാകേണ്ടതുണ്ട്. കത്തോലിക്കാ സഭയുടെ പ്രബോധനങ്ങളോട് പൂർണ്ണമായി ചേർന്നുനിൽക്കാനും, വിപരീത പ്രത്യയശാസ്ത്രങ്ങളുടെ പ്രലോഭനങ്ങളിൽ വീഴാതെ സഭാത്മകത കാത്തു സൂക്ഷിക്കാനും യുവജനങ്ങൾ ശ്രദ്ധിക്കണം. ഇടവക തലങ്ങളിലെ സംഘടനാ പ്രവർത്തനങ്ങളിൽ കൂടുതൽ ആവേശത്തോടെയും ഉണർവോടെയും പങ്കുചേരാൻ യുവജനങ്ങൾ തയ്യാറാകണം.

വിവിധ ആനുകാലിക വിഷയങ്ങളെകുറിച്ച് ആഴത്തിൽ മനസിലാക്കുന്നതിൽ യുവജനത പുറകോട്ട് പോകരുത്. ക്രിസ്തുവിന്റെ മനോഭാവത്തോടെ സമാധാനവും കൂട്ടായ്മയും നീതിയും ധാർമികതയും ജാഗ്രതയും അടിസ്ഥാനപ്പെടുത്തിയുള്ള യുവജനതയുടെ വ്യക്തമായ നിലപാടുകളും പ്രതികരണങ്ങളും ലോകമനസ്സാക്ഷിയുടെ സ്വരമാണ്. സുവിശേഷത്തിലെ നല്ല സമറിയാക്കാരനെപ്പോലെ കരുതലിന്റെയും സ്നേഹത്തിന്റെയും

പ്രവർത്തികളാൽ നിസംഗതയുടെയും അന്യവത്കരണത്തിന്റെയും വളർന്നു വരുന്ന സമീപനങ്ങളെ അതിജീവിക്കാൻ യുവത്വത്തിന് കഴിയും.

ഈ വർഷം ആഗോള കത്തോലിക്കാ സഭ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ ആത്മീയ ചൈതന്യത്തെ മുൻനിർത്തി 'ഫ്രാൻസിസ്കൻ വർഷം' ആയി ആചരിക്കുകയാണല്ലോ. ഈ ആചരണത്തിന്റെ ഭാഗമായി, നമ്മുടെ യുവജനങ്ങൾ പ്രകൃതിയോട് കൂടുതൽ ചേർന്നുനിൽക്കാനും ഈ ഭൂമിയുടെ കാവൽക്കാരായി മാറാനും പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പ ആഹ്വാനം ചെയ്യുന്നു. പ്രകൃതിയെ ചൂഷണം ചെയ്യുന്ന സ്വാർത്ഥത വെടിഞ്ഞ്, സൃഷ്ട പ്രപഞ്ചത്തിന്റെയും ഭാവിതലമുറയുടെയും സംരക്ഷകരാകാൻ യുവതലമുറ മുന്നോട്ടുവരണം. സമൂഹത്തിൽ സമാധാനത്തിന്റെ ദൂതരായും നീതിയുടെ പ്രവാചകരായും മാറാൻ ഫ്രാൻസിസ്കൻ വർഷം നമ്മുടെ യുവജനങ്ങളെ ഓർമ്മിപ്പിക്കുന്നു. അശാന്തിയും വിദ്വേഷവും പടരുന്ന ആധുനിക ലോകത്തിൽ, ക്രിസ്തുവിന്റെ സമാധാനം വിതറുന്നവരും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ നീതിക്കായി ശബ്ദമുയർത്തുന്ന പ്രവാചക ശബ്ദങ്ങളുമായി മാറാൻ നമ്മുടെ യുവതലമുറയ്ക്ക് സാധിക്കണം.

ആധുനിക ലോകത്തെ വിസ്മയിപ്പിക്കുന്ന 'നിർമ്മിത ബുദ്ധി' എ.ഐ സാങ്കേതികവിദ്യയെക്കുറിച്ച് പരിശുദ്ധ ലിയോ പാപ്പ തന്റെ ഏറ്റവും പുതിയ ചാക്രികലേഖനത്തിൽ നൽകിയിട്ടുള്ള പ്രബോധനങ്ങൾ നാം ഗൗരവമായി കാണണം. സാങ്കേതികവിദ്യയുടെ പുരോഗതിയെ സ്വാഗതം ചെയ്യുമ്പോൾ തന്നെ, അവ മനുഷ്യന്റെ ധാർമ്മിക മൂല്യങ്ങളെയും ആത്മാവിനെയും ഹനിക്കുന്ന രീതിയിലേക്ക് തരം താഴരുത് എന്ന് പരിശുദ്ധ പിതാവ് ഓർമ്മിപ്പിക്കുന്നു. സാങ്കേതികവിദ്യയുടെ അടിമകളാകാതെ, കൃത്രിമബുദ്ധിയെ മനുഷ്യത്വത്തിന്റെ നന്മയ്ക്കായും സുവിശേഷ പ്രഘോഷണത്തിനായും വിവേകപൂർവ്വം ഉപയോഗപ്പെടുത്താൻ നമ്മുടെ യുവജനങ്ങൾക്ക് ആത്മീയ ജ്ഞാനമുണ്ടാകണം.

രാഷ്ട്രനിർമ്മിതിക്കായി സഭ നല്കുന്ന സംഭാവനകളെ കൂടുതലായി മനസിലാക്കി, നീതിക്കും സമത്വത്തിനും വേണ്ടിയും പാർശ്വവത്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിന് വേണ്ടിയും കൂടുതൽ പ്രവർത്തന നിരതരാകാൻ യുവജന സംഘടനകൾ മുന്നോട്ട് വരണം. അതോടൊപ്പം തന്നെ, നമ്മുടെ രാജ്യത്ത് സഭയ്ക്കും സഭാമക്കൾക്കും ഭരണഘടന ഉറപ്പുനൽകുന്ന ന്യൂനപക്ഷ അവകാശങ്ങളും ആനുകൂല്യങ്ങളും കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സഭാനേതൃത്വത്തോടൊപ്പം യുവജനങ്ങളും ജാഗ്രത പുലർത്തണം. ശൂന്യമാകുന്ന നമ്മുടെ ഭവനങ്ങൾ, രാഷ്ട്രീയ സാമൂഹിക മേഖലകളിലെ പ്രാതിനിധ്യകുറവ്, നിഷേധിക്കപ്പെടുന്ന ഭരണഘടനാപരമായ അവകാശങ്ങൾ,

വർദ്ധിച്ചുവരുന്ന മതപരമായ അസഹിഷ്ണുതയും ക്രൈസ്തവർ നേരിടുന്ന വിവേചനങ്ങളും ആക്രമണങ്ങളും തുടങ്ങി ഭാരത സഭ അഭിമുഖീകരിക്കുന്ന വെല്ലുവിളികളിൽ നിഷ്ക്രിയരായിരിക്കാതെ ക്രിയാത്മക ഇടപെടൽ നടത്താൻ യുവജന സംഘടനകൾ മുന്നിട്ടിറങ്ങണം.

കേരളത്തിലെ ക്രൈസ്തവരുടെ സാമൂഹിക-സാമ്പത്തിക പിന്നാക്കാവസ്ഥ പഠിച്ച ബഹുമാനപ്പെട്ട ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കി കിട്ടുന്നതിനായി നാം തുടർച്ചയായ ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. ഈ റിപ്പോർട്ടുമായി ബന്ധപ്പെട്ട അവകാശങ്ങൾ നേടിയെടുക്കാനും, ന്യൂനപക്ഷ സ്കോളർഷിപ്പുകളും മറ്റ് ആനുകൂല്യങ്ങളും അർഹരായ യുവജനങ്ങളിലേക്ക് എത്തിക്കാനും നമ്മുടെ യുവജന സംഘടനകൾ ആത്മാർത്ഥമായി പ്രയത്നിക്കണം.

ക്രൈസ്തവ ജീവിത ദർശനം എപ്പോഴും ഉദാത്തമായ ഭാവങ്ങളെയാണ് ഉൾക്കൊള്ളുന്നത്. കഴിഞ്ഞ വർഷങ്ങളിൽ ലഹരിക്കെതിരെയുള്ള ശക്തമായ പോരാട്ടങ്ങളിൽ ഏർപ്പെട്ടവരാണ് നമ്മുടെ യുവജനങ്ങൾ. അത്തരം പോരാട്ടങ്ങൾ ശക്തമായി തുടരുന്നതിനോടൊപ്പം തന്നെ, കലാ-കായിക മണ്ഡലങ്ങളിൽ യുവജനങ്ങളെ ചേർത്തുനിർത്തുന്നതിനുള്ള പദ്ധതികൾക്ക് യുവജന സംഘടനകൾ നേതൃത്വം നൽകണം. നാശത്തിലേക്ക് നയിക്കുന്ന ലൗകിക ലഹരികൾക്ക് പകരമായി, ക്രിസ്തുവിലും അവിടുത്തെ സുവിശേഷത്തിലും അധിഷ്ഠിതമായ ഒരൊറ്റ 'ആത്മീയ ലഹരി' എല്ലാവരിലും വേരുറയ്ക്കണമെന്നാണ് തിരുസഭ ആഗ്രഹിക്കുന്നത്. ക്രിസ്തുവിനെ അനുഗമിക്കുന്നതിന്റെ ആനന്ദമാണ് യുവത്വത്തിന്റെ യഥാർത്ഥ ലഹരി. സ്നേഹത്തിൽ അധിഷ്ഠിതമായി നന്മ ചെയ്യുന്നതിനുള്ള ആവേശം നമ്മെ കീഴടക്കണം.

ഈ വർഷത്തെ കെ.സി.ബി.സി. സംസ്ഥാനതല യുവജനദിനാഘോഷങ്ങളും ആചരണങ്ങളും ഇടുക്കി രൂപതയുടെ ആതിഥേയത്വത്തിൽ മുരിക്കാശ്ശേരി പാവനാത്മ കോളേജിൽ വെച്ചാണ് നടത്തപ്പെടുന്നത്. ജൂലൈ 5-ാം തീയതി നടക്കുന്ന ഈ സംസ്ഥാനതല സംഗമത്തിന്റെ വിജയത്തിനായി നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യാം.

യുവജനദിനമായ ജൂലൈ 5-ാം തീയതി കേരളത്തിലെ എല്ലാ രൂപതകളിലും ഇടവകകളിലും പ്രത്യേകമായി യുവജനങ്ങളെ അനുസ്മരിക്കേണ്ടതാണ്. അവർക്കായി പ്രത്യേക പ്രാർത്ഥനകൾ ക്രമീകരിക്കാനും, യുവജനങ്ങൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ തക്കവണ്ണമുള്ള അവസരങ്ങൾ നൽകി ഇടവക-രൂപതാ തലങ്ങളിൽ ഈ ദിനം മനോഹരമായി ആഘോഷിക്കാനും ശ്രദ്ധിക്കുമല്ലോ.

യുവജനദിനത്തോടനുബന്ധിച്ച് നമ്മുടെ ദേവാലയങ്ങളിൽ എടുക്കുന്ന പ്രത്യേക സ്തോത്രകാഴ്ച കേരളസഭയിൽ യുവജനങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന കെ.സി.ബി.സി. യൂത്ത് കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി നൽകേണ്ടതാണ്. നമ്മുടെ യുവതലമുറയുടെ ആത്മീയവും സാമൂഹികവുമായ വളർച്ചയ്ക്കായുള്ള പദ്ധതികൾക്ക് കരുത്തുപകരാൻ ഈ സ്തോത്രകാഴ്ച പതിവുപോലെ കെസിബിസിയുടെ കേന്ദ്ര കാര്യാലയമായ പിഒസിയിലേക്ക് അയച്ചുതരണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

നമ്മുടെ യുവതലമുറ ലോകത്തിന്റെ വെളിച്ചവും ഭൂമിയുടെ ഉപ്പുമായി മാറട്ടെ. ആധുനിക കാലഘട്ടത്തിലെ സൈബർ പ്രലോഭനങ്ങളുടെ മധ്യത്തിലും വിശുദ്ധിയോടെ ജീവിച്ച വിശുദ്ധ കാർലോ അക്യുട്ടിസിന്റെയും പരിശുദ്ധ അമ്മയുടെയും മധ്യസ്ഥം നമ്മുടെ യുവജനങ്ങൾക്ക് എന്നും കാവലായിരിക്കട്ടെ.

**ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ബിഷപ് ഡോ. ഡെന്നീസ് കുറുപ്പശ്ശേരി**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ബിഷപ് യൂഹാനോൻ മാർ അലക്സിയോസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

N.B. 2026 ജൂലൈ 5-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സിറോ മലബാർ, ലാറ്റിൻ, സിറോ മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരിക്കാര്യം

## 1) Transfers/Appointments of Priests

**June 2026**

| | |
|---|---|
| Appadan Antony (Akhil) | Study |
| Athappilly George | Pothiyakkara |
| Chavalekkad Joseph Rojin | Manjapra Asst. |
| Edassery Varghese (Baiju) (Jr.) | Konoor |
| Kalapurackal Joseph (Abin) | Njalookara (Additional) |
| Kiriyanthan Joseph (Sijo) | Antopuram |
| Kozhikkadan Joseph | Relieved - Priest-in-charge, Konoor |
| Kumbalath Sebin CMI | Koodalappad Asst. |
| Kurisingal Mathew (Jeril) | Study |
| Madassery Paul (Shaiju) (Jr.) | Choondy, BMCCA - Executive Director (Additional) |
| Madavanakad Joseph (Jomon) | Study (Relieved - Spiritual Director, Thrikkakara - S.H. Minor Seminary) |
| Mangalath Antony VC | Relieved - Achinakom |
| Moothedan Antony (Ajo) | Thrikkakara, S.H. Minor Seminary - Spiritual Director |
| Mulavarickal Ouseph (Nikhil) | Relieved - Asst. Director, KCYM |
| Mundadan Tharian | Residence - Thrikkakara, Vijo Bhavan |
| Nariculam Thomas | Carmelgiri (Moonnamparambu) |
| Njanakkal Joseph (Jins) | Vocation Promoter |
| Palatty Sebastian | Edakkunnu - St. Paul's Priests' Home (Relieved - Yanam) |
| Pallippadan Poulose (Akhil) | Achinakom |
| Parecattil Paul (Shiju) | Chowara |
| Punchaputhussery Basil | Chittoor, Snehasusrushalayam - Spiritual Director |
| Puthussery Jacob | Relieved - Executive Director, Choondy, BMCCA |
| Vazhappilly Sebastian | Neduvannoor - Priest-in-charge |

## 2) അതിരൂപതാ ഡയറക്ടറി 2026






അതിരൂപത ഡയറക്ടറി 2026 പ്രസിദ്ധീകരിച്ചിട്ടുണ്ട്. അഞ്ചു വർഷങ്ങൾക്ക് ശേഷമാണ് പുതുക്കിയ വിവരങ്ങളോടെ തയ്യാറാക്കിയ ഡയറക്ടറി പ്രസിദ്ധീകരിക്കുന്നത്. ആയതിനാൽ, നമ്മുടെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും സന്ന്യാസഭവനങ്ങളിലും പുതിയ ഡയറക്ടറി ഉണ്ട് എന്ന് ഉറപ്പുവരുത്തുന്നത് നന്നായിരിക്കും.

## 3) വൈദികരുടെ വാർഷിക ധ്യാനം

**ധ്യാന തീയതികൾ**

July 05 Sunday - 10 Friday : Fr. Joy Painadath
July 12 Sunday - 17 Friday : Archbishop Prince Panengadan
Aug 16 Sunday - 21 Friday : Fr. Mariadas OIC

- **കൂടുതൽ വിവരങ്ങൾക്ക് *എറണാകുളം മിസ്സം*, മെയ് 2026, പേജ് 10-16 കാണുക.**

## 4) വിയാനി ദിനാഘോഷം: ആഗസ്റ്റ് 3-ാം തീയതി, തിങ്കളാഴ്ച

വൈദികരുടെ സ്വർഗീയ മദ്ധ്യസ്ഥനായ **വിശുദ്ധ ജോൺ മരിയ വിയാനി**യുടെ തിരുനാൾ ആഗസ്റ്റ് 4 ചൊവ്വാഴ്ചയാണല്ലോ. തിരുനാളിനോട് അനുബന്ധമായി **ആഗസ്റ്റ് 3-ാം തീയതി തിങ്കളാഴ്ച 10.30-ന് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ** അതിരൂപതയിലെ വൈദി

കർ ഒത്തുചേരുന്നു. അന്നേ ദിവസം പൗരോഹിത്യത്തിന്റെ 25 ഉം 50 ഉം വർഷങ്ങൾ പിന്നിടുന്ന ജൂബിലേറിയൻസിനെ പ്രത്യേകം ആദരിക്കുന്നതാണ്. നമ്മുടെ അതിരൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരേയും പ്രത്യേകിച്ച്, ഈ വർഷം സുവർണ്ണ-രജത ജൂബിലി ആഘോഷിക്കുന്ന വൈദികരേയും ഈ ആഘോഷത്തിലേക്കു ഹാർദമായി ക്ഷണിക്കുന്നു. വിയാനി ദിനാഘോഷത്തിൽ പങ്കുചേരുന്നതിനും ജൂബിലേറിയൻസിനോടൊപ്പം ദൈവത്തിന് നന്ദിപറയുന്നതിനും അവരെ ആദരിക്കുന്നതിനും അതിരൂപതയ്ക്കായി പൗരോഹിത്യം സ്വീകരിച്ചവരും ഇപ്പോൾ അതിരൂപതയിലെ ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്നവരുമായ എല്ലാ ബഹുമാനപ്പെട്ട അച്ചന്മാരും കൃത്യ സമയത്തുതന്നെ എത്തിച്ചേരുമല്ലോ.

**ഫാ. തോമസ് (ജിമ്മി) പൂച്ചക്കാട്ട്**
**പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്**

---

## അഭിനന്ദനങ്ങൾ!!!



ബാംഗ്ലൂരിലെ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽനിന്ന് സോഷ്യൽ വർക്കിൽ ഡോക്ടറേറ്റ് നേടിയ **ബഹുമാനപ്പെട്ട സിജോ കിരിയാന്തൻ** അച്ചന് അതിരൂപതയുടെ അഭിനന്ദനങ്ങൾ!

Titlle of the Thesis: “Enhancing the Integration of Education for Sustainable Development into Curriculum among Secondary School Teachers: An Intervention Study”

# വാർത്തകളും വിശേഷങ്ങളും

## തോക്കേന്തിയ കൊള്ളക്കാരെ അനുനയിപ്പിച്ച സിസ്റ്റർ ബ്ലാൻഡിന ധന്യപദവിയിലേക്ക്

അമേരിക്കയുടെ പടിഞ്ഞാറൻ മേഖലകളിൽ കൊള്ളസംഘങ്ങളുടെയും അക്രമികളുടെയും നടുവിൽ ദൈവവിശ്വാസവും സ്നേഹവും മാത്രം ആയുധമാക്കി പ്രവർത്തിച്ച സിസ്റ്റർ ബ്ലാൻഡിന വിശുദ്ധപദവിയിലേക്കുള്ള യാത്രയിൽ ഒരു നിർണായക പടികൂടി പിന്നിട്ടു. 'ബില്ലി ദ കിഡ്' ഉൾപ്പെടെയുള്ള കൊള്ളക്കാരെപ്പോലും അനുരഞ്ജനത്തിന്റെ വഴിയിലേക്ക് നയിച്ച ഈ സന്യാസിനിയുടെ അസാധാരണമായ പുണ്യജീവിതവും ധീരതയും വത്തിക്കാനിലെ ദൈവശാസ്ത്രജ്ഞരുടെ പാനൽ അംഗീകരിച്ചു. ഇറ്റലിയിൽ ജനിച്ച് അമേരിക്കയിൽ സേവനം അനുഷ്ഠിച്ച സിസ്റ്റർ ബ്ലാൻഡിന ദരിദ്രർക്കും സ്ത്രീകൾക്കും കുട്ടികൾക്കും തദ്ദേശവാസികൾക്കുമായി ജീവിതം സമർപ്പിച്ചു. ദൈവപരിപാലനയിലുള്ള അചഞ്ചലമായ വിശ്വാസത്തോടെയായിരുന്നു അവരുടെ ജീവിതവും ശുശ്രൂഷയും. 1941-ൽ 90-ാം വയസിൽ അന്തരിച്ച സിസ്റ്റർ ബ്ലാൻഡിനയെ ഉടൻ സഭ ഔദ്യോഗികമായി ധന്യയായി പ്രഖ്യാപിക്കുമെന്നാണ് പ്രതീക്ഷ.

## നിരീശ്വരവാദത്തിൽനിന്ന് കത്തോലിക്ക വിശ്വാസത്തിലേക്ക്: ജെ. ഡി. വാൻസിന്റെ ആത്മീയ യാത്ര പുസ്തകരൂപത്തിൽ

അമേരിക്കൻ വൈസ് പ്രസിഡന്റ് ജെ. ഡി. വാൻസ്, തന്റെ കത്തോലിക്കാ വിശ്വാസയാത്രയെ ആസ്പദമാക്കി രചിച്ച *Communion: Finding My Way Back to Faith* എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. ബാല്യകാലത്തെ പ്രൊട്ടസ്റ്റന്റ് വിശ്വാസത്തിൽനിന്ന് നിരീശ്വരവാദത്തിലേക്കും പിന്നീട് 2019-ൽ കത്തോലിക്കാ സഭയിലേക്കുമുള്ള തന്റെ ആത്മീയ പരിവർത്തനമാണ് അദ്ദേഹം പുസ്തകത്തിൽ വിവരിക്കുന്നത്. ഡിജിറ്റൽ യുഗത്തിലെ മാറ്റങ്ങൾക്കിടയിലും കത്തോലിക്കാ സഭയുടെ പാരമ്പര്യവും സാർവത്രികതയും തന്നെയാണ് വിശ്വാസത്തിലേക്ക് തിരിച്ചെത്താൻ പ്രചോദനമായതെന്ന് വാൻസ് പറയുന്നു. കുടുംബത്തോടൊപ്പം ദൈവാലയങ്ങളിൽ പോയി കുർബാനയിൽ പങ്കെടുക്കാനാണ് തങ്ങൾ ശ്രമിക്കുന്നതെന്നും, പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ സുരക്ഷാ ക്രമീകരണങ്ങളിൽ പ്രത്യേക ശ്രദ്ധ നൽകാറുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. കത്തോലിക്കാ വിശ്വാസത്തിലേക്കുള്ള തന്റെ യാത്ര പങ്കുവയ്ക്കുന്ന ഈ പുസ്തകം

വിശ്വാസാന്വേഷണത്തിൽ കഴിയുന്ന അനേകർക്ക് പ്രചോദനമാകുമെന്ന് കരുതുന്നു.

## വിശുദ്ധി ജീവിതത്തിന്റെ അനിവാര്യത; വൈദികർക്ക് പാപ്പയുടെ ഓർമപ്പെടുത്തൽ

വൈദികർ വിശുദ്ധജീവിതം നയിക്കുന്നതിൽ വിട്ടുവീഴ്ച ചെയ്യരുതെന്ന് ലിയോ 14-ാമൻ പാപ്പ ആഹ്വാനം ചെയ്തു. വൈദികരുടെ വിശുദ്ധീകരണത്തിനായുള്ള പ്രാർത്ഥനാദിനത്തോടനുബന്ധിച്ചുള്ള സന്ദേശത്തിൽ, "നിങ്ങളുടെ ദൈവമായ കർത്താവ് വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരായിരിക്കുവിൻ" എന്ന ദൈവവിളി ഇന്നും ശക്തമായി മുഴങ്ങുന്നുണ്ടെന്ന് അദ്ദേഹം ഓർമിപ്പിച്ചു. വിശുദ്ധി ഒരു തിരഞ്ഞെടുപ്പോ ആശയമോ അല്ലെന്നും, ക്രിസ്തുവിനെ അനുഗമിക്കുന്ന ഓരോ വിശ്വാസിയുടെയും അടിസ്ഥാന വിളിയാണെന്നും പാപ്പ വ്യക്തമാക്കി. ക്രിസ്തുവിന്റെ തിരുഹൃദയത്തിന്റെ സ്നേഹത്തിൽ സ്വയം സമർപ്പിച്ച് ദൈവജനത്തെ ശുശ്രൂഷിക്കാൻ വൈദികർ പ്രതിദിനം പുതുക്കപ്പെടണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. എല്ലാ വൈദികരെയും പരിശുദ്ധ മാതാവിന്റെ സംരക്ഷണത്തിന് സമർപ്പിച്ചുകൊണ്ടാണ് പാപ്പ സന്ദേശം സമാപിക്കുന്നത്.

## വത്തിക്കാൻ ചരിത്രത്തിൽ ആദ്യമായി അല്മായ വനിത പ്രീഫെക്ട്

വത്തിക്കാൻ ആശയവിനിമയ ഡിക്കാസ്റ്ററിയുടെ പ്രീഫെക്ടായി മരിയ മോണ്ട്സെറാറ്റ് അൽവരാഡോയെ ലിയോ 14-ാമൻ പാപ്പ നിയമിച്ചു. ചരിത്രത്തിൽ ആദ്യമായാണ് ഒരു അല്മായ വനിത വത്തിക്കാനിലെ ഒരു ഡിക്കാസ്റ്ററിയുടെ പ്രീഫെക്ട് പദവിയിലെത്തുന്നത്. നിലവിൽ കത്തോലിക്കാ മാധ്യമ ശൃംഖലയായ EWTN ന്യൂസിന്റെ പ്രസിഡന്റും മുഖ്യ പ്രവർത്തന ഓഫീസറുമായ അൽവരാഡോ നവംബർ 1-ന് ചുമതലയേൽക്കും. വത്തിക്കാൻ ന്യൂസ്, വത്തിക്കാൻ റേഡിയോ, ലൊസർവത്തോരെ റൊമാനോ ദിനപത്രം ഉൾപ്പെടെയുള്ള വത്തിക്കാന്റെ മാധ്യമ സംവിധാനങ്ങളുടെ മേൽനോട്ടം വഹിക്കുന്ന പ്രധാന വകുപ്പാണ് ആശയവിനിമയ ഡിക്കാസ്റ്ററി. സഭയിലും വത്തിക്കാൻ ഭരണസംവിധാനത്തിലും സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനുള്ള ശ്രമങ്ങളുടെ തുടർച്ചയായാണ് ഈ നിയമനം വിലയിരുത്തപ്പെടുന്നത്. മാധ്യമരംഗത്തും മതസ്വാതന്ത്ര്യ സംരക്ഷണ പ്രവർത്തനങ്ങളിലുമുള്ള അനുഭവസമ്പത്തോടെ അൽവരാഡോ ഈ ദൗത്യം ഏറ്റെടുക്കുന്നതിനെ സഭാനേതാക്കൾ സ്വാഗതം ചെയ്തു.

# വിശ്വാസപരിശീലനകേന്ദ്രം

1. **2026 ജൂലൈ മാസം നടക്കുന്ന എൻലൈറ്റ് & എലൈവ് പരിപാടികൾ**
   05 ഞായർ: എൻലൈറ്റ് - പള്ളിപ്പുറം ഫൊറോന
   12 ഞായർ: എൻലൈറ്റ് - കൊരട്ടി ഫൊറോന
   19 ഞായർ: എലൈവ് - അങ്കമാലി, കൊരട്ടി, കറുകുറ്റി, മൂഴിക്കുളം, മൂക്കന്നൂർ ഫൊറോന (നൈപുണ്യ, പൊങ്ങം)
   26 ഞായർ: എലൈവ് - ഇടപ്പള്ളി, കിഴക്കമ്പലം, എറണാകുളം, പറവൂർ, തൃപ്പൂണിത്തുറ ഫൊറോന (രാജഗിരി എഞ്ചിനീയറിങ്ങ് കോളേജ്, കാക്കനാട്)

2. **വിശ്വാസപരിശീലകരായ ദൈവശാസ്ത്ര വൈദിക വിദ്യാർത്ഥികളുടെ സംഗമ**ത്തിന് (സെപ്റ്റംബർ 13) പേരുകൾ നൽകേണ്ട അവസാന തീയതി ജൂലൈ 11 ശനിയാഴ്ച.

3. **റെസിഡൻഷ്യൽ കോഴ്സ്:** എൻട്രൻസ് കോച്ചിങ്ങിനും മറ്റും പോകുന്നതിനാൽ വിശ്വാസപരിശീലന ക്ലാസ്സിൽ പോകുവാൻ ആഗ്രഹിച്ചിട്ടും അതിനു സാധിക്കാത്തവർക്കുവേണ്ടി മാത്രം അതിരൂപതാകേന്ദ്രം നടത്തുന്ന ഒരു ബദൽ സംവിധാനമാണ് റെസിഡൻഷ്യൽ കോഴ്സ്.

   a) 2026-2027 അധ്യയനവർഷത്തിലെ **റെസിഡൻഷ്യൽ കോഴ്സ് തീയതികൾ:**

   **ഒന്നാം വർഷ ഡിപ്ലോമ**
   2026 ഒക്ടോബർ 18, 19 - I^st^ Session
   2027 ഏപ്രിൽ 14, 15 - II^nd^ Session

   **രണ്ടാം വർഷ ഡിപ്ലോമ**
   2026 ഒക്ടോബർ 20, 21 - I^st^ Session
   2027 മെയ് 24, 25 - II^nd^ Session

   b) 2026 ആഗസ്റ്റ് 1 മുതൽ 20 വരെ തീയതികളിലാണ് ഡിപ്ലോമ റെസിഡൻഷ്യൽ കോഴ്സിൽ ചേരുന്നവർ അതിരൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽ വന്നു പേര് രജിസ്റ്റർ ചെയ്യേണ്ടത്.

ഡിപ്ലോമ റെസിഡൻഷ്യൽ കോഴ്സിനെക്കുറിച്ച് വിശദവിവരങ്ങൾ അറിയുന്നതിനും രജിസ്ട്രേഷൻ ഫോമിനും വേണ്ടി **Website: www.catechismernakulam.com**-ൽ **Diploma Residential Course** എന്ന **Menu**-വിൽ ക്ലിക്ക് ചെയ്യുക. ഇതിൽ നിന്നും രജിസ്ട്രേഷൻ ഫോം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച്

വികാരിയച്ചന്റെ ഒപ്പോടുകൂടി ഫീസ് സഹിതം അതിരൂപതാ ഓഫീസിൽ വന്ന് രജിസ്റ്റർ ചെയ്യുക.

## കാറ്റക്കീസം വാർത്തകൾ

1. **സന്മാർഗ്ഗബോധനവർഷ ഉദ്ഘാടനവും അവാർഡ് ദാനവും:** 2026 ജൂൺ 20 ശനിയാഴ്ച എറണാകുളം-അങ്കമാലി അതിരൂപതയിലെ സന്മാർഗ ബോധന വർഷ ഉദ്ഘാടനവും അവാർഡ് ദാനവും റിട്ട. ജസ്റ്റിസ് സോഫി തോമസ് നിർവഹിച്ചു. റെഗുലർ സ്കൂൾ പ്രധാനാദ്ധ്യാപകരുടെയും മോറൽ സയൻസ് ആനിമേറ്റേഴ്സിന്റെയും മീറ്റിങ്ങിൽ റവ. ഡോ. ജോസ് പുതുശ്ശേരി ക്ലാസ്സ് നടത്തി. 2025-26 വർഷത്തിൽ നാലാം ക്ലാസ്സു മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ മോറൽ സയൻസ് പരീക്ഷയിൽ എ പ്ലസ് കരസ്ഥമാക്കിയ 615 കുട്ടികളെ യോഗത്തിൽ അവാർഡും ട്രോഫിയും നൽകി ആദരിച്ചു. കൂടാതെ കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷന്റെ നേതൃത്വത്തിൽ IV, VII, X ക്ലാസ്സുകളിലെ കുട്ടികൾക്കായി നടത്തിയ സ്കോളർഷിപ്പ് പരീക്ഷയിൽ എറണാകുളം-അങ്കമാലി അതിരൂപതയുടെ കീഴിലുള്ള വിദ്യാലയങ്ങളിൽ നിന്നും സ്കോളർഷിപ്പ് കരസ്ഥമാക്കിയ 05 കുട്ടികളെയും ആദരിച്ചു. 2025-2026 സന്മാർഗ്ഗബോധനവർഷത്തിൽ എൽ.പി. വിഭാഗത്തിൽ Nehru Memorial Convent LPS - Vattekadu, Holy Family E M L P S - Keechery, L. F. C L P S, Koratty -യും, യു.പി. വിഭാഗത്തിൽ Infant Jesus U P S - Thrikkakkara, Little Flower U P S - Karumaloor, O L P H U P S - Edakkunnu-ഉം, ഹൈസ്കൂൾ വിഭാഗത്തിൽ Mary Matha Public School - Vazhakkala, Little Flower Public School - Muringoor , St. Anne's Public School - Vathakkad-ഉം മികച്ച സ്കൂളുകൾക്കുള്ള ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.
2. **പ്രമോട്ടർമാരുടെയും ഫൊറോന സെക്രട്ടറിമാരുടെയും യോഗം** 14-ാം തീയതി ഞായറാഴ്ച റിന്യൂവൽ സെന്ററിൽ നടന്നു.
3. **ഫൊറോന ഡയറക്ടേഴ്സ് മീറ്റിങ്** 18-ാം തീയതി വ്യാഴാഴ്ച റിന്യുവൽ സെന്ററിൽ നടന്നു.
4. **2026 ജൂൺ മാസത്തിൽ നടന്ന എൻലൈറ്റ് പരിപാടികൾ**

   21 ഞായർ: എൻലൈറ്റ് - മൂക്കന്നൂർ ഫൊറോന
   28 ഞായർ: എൻലൈറ്റ് - ചേർത്തല ഫൊറോന

എൻലൈറ്റ് പ്രോഗ്രാമുകൾ നടത്തുവാൻ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിത്തന്ന ബഹു. വികാരിയച്ചന്മാർക്കും വിശ്വാസപരിശീലകർക്കും പള്ളികമ്മിറ്റി അംഗങ്ങൾക്കും ഫൊറോന കൗൺസിലിനും പ്രത്യേകം നന്ദി.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

## വിവാഹ ഒരുക്ക ധ്യാനം (MPR)

ജൂലൈ 06-08 (കലൂർ)
ജൂലൈ 14-16 (കാലടി)
ജൂലൈ 28-30 (കാലടി)
ആഗസ്റ്റ് 03-10 (കലൂർ)
ആഗസ്റ്റ് 10-12 (കലൂർ)
ആഗസ്റ്റ് 14-16 (കാലടി)
ആഗസ്റ്റ് 18-20 (കാലടി)
ആഗസ്റ്റ് 22-24 (കാലടി)

NB: വിവാഹ ഒരുക്ക ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

## ഫാമിലി കോൺക്ലേവ് (Contact Number: 9446559366, 7907885087)

ജൂലൈ 03-05 - രാജഗിരി, കളമശ്ശേരി

## ദമ്പതി ധ്യാനം (Contact Number - 8078334522)

ജൂലൈ 10-12 (20 ദമ്പതികൾക്ക് മാത്രം)

## സൺഷൈൻ ധ്യാനം (Contact Number - 8078334522)

ജൂലൈ 17-19 (20 ദമ്പതികൾക്ക് മാത്രം) (65+ പ്രായമുള്ള ദമ്പതികൾക്ക്)

## പേരൻറിംഗ് സെമിനാർ

ജൂലൈ 19 - ഞാറയ്ക്കൽ
ജൂലൈ 26 - ഏഴാറ്റുമുഖം

## വിധവാ ധ്യാനം (Contact Number: 9400929111)

ജൂലൈ 24-26

## അനുയാത്ര (ഓൺലൈൻ) യുവദമ്പതികൾക്കുള്ള തുടർപരിശീലന പരിപാടി

ജൂലൈ 26 - ജീവാലയ, കാലടി

## ബേബിഷൈൻ ധ്യാനം

ജൂലൈ 31-02 (20 ദമ്പതികൾക്ക് മാത്രം)

## ഫാമിലി കോൺക്ലേവ്, 2026

കളമശ്ശേരി രാജഗിരി സോഷ്യൽ സയൻസ് കോളേജിന്റെ സഹകരണത്തോടെ **അഖില കേരള ഫാമിലി കോൺക്ലേവ്, 2026 ജൂലൈ 3, 4, 5 തീയതികളിലായി കാക്കനാട് രാജഗിരി ബിസിനസ് സ്കൂളിൽ** നടത്തുന്നു.

മനഃശാസ്ത്രം, സാമൂഹ്യശാസ്ത്രം, കുടുംബപ്രേഷിതത്വം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രൊഫഷണലുകൾ, ഗവേഷകർ, റിസോഴ്സ് ടീം അംഗങ്ങൾ എന്നിവരെയാണ് ഈ സമ്മേളനത്തിൽ പ്രതീക്ഷിക്കുന്നത്.

തുറന്ന ചർച്ചകളിലൂടെയും ആശയരൂപീകരണത്തിലൂടെയും കുടുംബം, ദാമ്പത്യം എന്നീ മേഖലകളിലെ വെല്ലുവിളികളെ കാലോചിതമായി അഭിമുഖീകരിക്കാനുതകുന്ന മാർഗ്ഗനിർദ്ദേശങ്ങളും, രീതിശാസ്ത്രവും പൊതുസമൂഹത്തിനായി അവതരിപ്പിക്കുവാൻ ഈ കോൺക്ലേവ് സഹായകമായിരിക്കും.

തികച്ചും അക്കാദമിക് തലത്തിൽ കുടുംബപ്രേഷിത ശുശ്രൂഷയെ സഹായിക്കാൻ നൈപുണ്യം നൽകുന്ന ഈ കോൺക്ലേവിലേക്ക് സ്വാഗതം..
രജിസ്റ്റർ ചെയ്യാൻ : +919446559366; +917907885087 (Mobile & WhatsApp)

### ഗ്രാന്റ്പേരന്റ്സ് ഡേ ആഘോഷം

ഈശോയുടെ ഗ്രാന്റ്പേരന്റ്സ് ആയ വിശുദ്ധ യോവാക്കിമിന്റെയും വിശുദ്ധ അന്നയുടെയും തിരുനാൾ ജൂലൈ 26 ഇടവകതലത്തിൽ ഗ്രാന്റ്പേരന്റ്സ് ഡേ ആയി ആഘോഷിക്കുമല്ലോ!. കുടുംബങ്ങളിൽ മുതിർന്ന മാതാപിതാക്കൾക്ക് മക്കളും, പേരക്കുട്ടികളും നല്കുന്ന അംഗീകാരത്തേയും ബഹുമാനത്തേയും പ്രോത്സാഹിപ്പിക്കുകയാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യം.

നടത്താവുന്ന രീതികൾ:

- അന്നേദിവസം വി. കുർബാനയോടനുബന്ധിച്ച് സംഘടിപ്പിക്കുക.
- വിശുദ്ധ കുർബാനയ്ക്ക് ദേവാലയത്തിൽ ഏറ്റവും മുന്നിലായി ഇരിപ്പിടങ്ങൾ തയ്യാറാക്കുക.
- വിശുദ്ധ കുർബാനയുടെ ആരംഭത്തിൽ അവരെ സമർപ്പിച്ച് പ്രത്യേകം പ്രാർത്ഥിക്കുക.
- സാധിക്കുമെങ്കിൽ കുർബാനയ്ക്കിടയിൽ ലേഖനം വായിക്കാനും, കാഴ്ച സമർപ്പിക്കാനും മാതാപിതാക്കൾക്ക് അവസരം നല്കുക.
- വി. കുർബാനയ്ക്കുശേഷം ഇടവകയുടെ പ്രതിനിധികളാരെങ്കിലും ആശംസകളും അഭിനന്ദനങ്ങളും നേരുക.
- പൊന്നാടയണിക്കാൻ പേരക്കുട്ടികളെ ഒരുക്കുക.

- മക്കൾ മാതാപിതാക്കൾക്ക് പൂവ് കൊടുത്ത് ആദരിക്കുക.
- മാതാപിതാക്കൾക്കായി സ്നേഹവിരുന്നും, ചെറിയ സമ്മാനവും നല്കുന്നത് ഉചിതമായിരിക്കും.

## മെയ് - ജൂൺ മാസങ്ങളിൽ നടത്തിയ ശുശ്രൂഷകൾ

**കൗൺസലിംഗ്:** കലൂർ റിന്യൂവൽ സെന്റർ, കാലടി ജീവാലയ, വൈക്കം വെൽഫയർ സെന്റർ എന്നിവിടങ്ങളിലായി 50 പേർ കൗൺസലിംഗ് സൗകര്യം പ്രയോജനപ്പെടുത്തി.

**ദമ്പതി ധ്യാനം:** ജീവാലയയിൽ നടന്ന ദമ്പതി ധ്യാനത്തിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ദമ്പതികൾ പങ്കെടുത്തു.

**വിവാഹ ഒരുക്ക ധ്യാനം:** കലൂർ റിന്യൂവൽ സെന്റർ, കാലടി ജീവാലയ, രണ്ട് സെന്ററുകളിൽ നടന്ന 4 വിവാഹ ഒരുക്ക ധ്യാനത്തിലായി 267 പേർ പങ്കെടുത്തു. വിവാഹ ഒരുക്ക ധ്യാനത്തിൽ പങ്കെടുത്തവരുടെ മാതാപിതാക്കൾക്കായി നടത്തിയ ഏകദിന സെമിനാറിൽ 372 പേർ പങ്കെടുത്തു.

**ഓൺലൈൻ സിസ്റ്റേഴ്സ് ട്രെയിനിംഗ്:** സിസ്റ്റേഴ്സിനായി നടത്തിയ ഓൺ ലൈൻ പ്രോഗ്രാമിൽ 200 പേർ പങ്കെടുത്തു.

**പാരന്റിംഗ് സെമിനാർ:** മാതാപിതാക്കൾക്കായി തോട്ടുവ ഇടവകയിൽ പാരന്റിംഗ് സെമിനാർ നടത്തി. 180 പേർ പങ്കെടുത്തു.

**Forane Family Apostolate Forum Meeting:** 4 ഫൊറോനകളിൽ ഫോറം മീറ്റിംഗ് നടന്നു.

**ഗോൾഡൻ ജൂബിലി റീയൂണിയൻ:** കലൂർ, റിന്യൂവൽ സെന്ററിൽ നടത്തി.

**ഗോൾഡൻ ജൂബിലി സമാപനം:** കലൂർ, റിന്യൂവൽ സെന്ററിൽ നടന്നു. 700 പേർ പങ്കെടുത്തു.

**യൂദിത്ത് ഫോറം കോൺഫറൻസ്:** കലൂർ, റിന്യൂവൽ സെന്ററിൽ നടന്നു. 580 പേർ പങ്കെടുത്തു.

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## അറിയിപ്പുകൾ

### പരിശീലനങ്ങൾ

ഫാസ്റ്റ് ഫുഡ് ട്രെയിനിംഗ് - കാർഡിനൽ നഗർ
പേപ്പർ കാരി ബാഗ്, എൻവലപ്പ്, ഫയൽ നിർമാണ പരിശീലനം - തോട്ടകം
കൂൺ കൃഷി പരിശീലനം - പുത്തൻപള്ളി
വിദ്യാദർശൻ ക്ലാസ്സ് ജൂലൈ 11-ന് ചേർത്തല ഓഫീസിൽ

- ഇൻഷുറൻസ് കാർഡുകൾ താമസിയാതെ വിതരണം ചെയ്യുന്നതാണ്. നിലവിൽ ഇൻഷുറൻസ് ക്ലെയിം ചെയ്യേണ്ടി വരുമ്പോൾ രസീത് നമ്പർ ഉപയോഗിക്കുക.

### നൈവേദ്യയിൽ വർഷകാല ചികിത്സ

സഹൃദയ നൈവേദ്യ ആശുപത്രിയിൽ വർഷകാല ചികിത്സ പാക്കേജുകൾ നടപ്പാക്കിവരുന്ന. മുൻകൂട്ടി ബുക്ക് ചെയ്യുന്നതിന് ഫോൺ: 8304038267

### കർക്കിടക ഔഷധ കഞ്ഞി കിറ്റ്

സഹൃദയ നൈവേദ്യ ആയുർവേദ ആശുപത്രി തയ്യാറാക്കിയ കർക്കിടക ഔഷധ കഞ്ഞി കിറ്റുകൾ ആനിമേറ്റർമാർ വഴി ലഭ്യമാണ്. ഫോൺ: 8304038267

### മോൺ. അഗസ്റ്റിൻ കണ്ടത്തിൽ ചരമവാർഷികം

സേവ് എ ഫാമിലി പ്ലാൻ സ്ഥാപകൻ മോൺ. അഗസ്റ്റിൻ കണ്ടത്തിലച്ചന്റെ ഇരുപത്തിയഞ്ചാം മരണവാർഷികം ജൂലൈ 18-ന് വൈക്കത്ത് ആചരിക്കുന്നു.

### ലോജിസ്റ്റിക് ട്രെയിനിംഗ്

സ്വദേശത്തും വിദേശത്തും തൊഴിൽ സാദ്ധ്യതയുള്ള ലോജിസ്റ്റിക്സ്, പരിശീലന ക്ലാസ്സുകൾ (മൂന്ന് മാസം ക്ലാസ്സ് റൂം പരിശീലനവും ഒരു വർഷം സ്റ്റൈപ്പന്റോടുകൂടി അപ്രന്റീസ്ഷിപ്പും) വിശദവിവരങ്ങൾക്ക്: 9496211444.

### കാത്തലിക് മെന്റൽ ഹെൽത്ത് മിനിസ്ട്രി

പലവിധത്തിലുള്ള പ്രശ്നങ്ങളാൽ മാനസിക സമ്മർദം അനുഭവിക്കുന്നവർക്ക് കരുതലും ആശ്വാസവുമേകാൻ നമ്മുടെ അതിരൂപതയിൽ കാത്തലിക് മെന്റൽ ഹെൽത്ത് മിനിസ്ട്രിയുടെ പ്രവർത്തനം ആരംഭിക്കുകയാണ്. ഇതിന്റെ

കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനായി സഹൃദയയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഓരോ ഇടവകയിലും ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ഒരു കോ ഓർഡിനേറ്റർ, സെക്രട്ടറി, വോളണ്ടിയർമാർ എന്നിവർ അംഗങ്ങളായി ഒരു സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കേണ്ടതാണ്. വിശദവിവരങ്ങൾ സഹൃദയ ഡയറക്ടറുടെ പക്കൽനിന്ന് ലഭിക്കുന്നതാണ് (ഫോൺ: 94952 54157).

# വാർത്തകൾ

## പരിസ്ഥിതി ദിനാചരണം

സഹൃദയയുടെ ആഭിമുഖ്യത്തിൽ സംഘങ്ങളുടെ നേതൃത്വത്തിൽ പരിസ്ഥിതിദിനാചരണം നടത്തി. അതിരൂപതാതല ഉദ്ഘാടനം കാലടി സഹൃദയ കാംപസിൽ സംഘടിപ്പിച്ചു.

## യോഗ ദിനാചരണം

അന്തർദേശീയ യോഗാദിനത്തോടനുബന്ധിച്ച് പറവൂർ മേഖല ഓഫീസ്, പൊന്നുരുന്നി എന്നിവിടങ്ങളിൽ യോഗാദിനാചരണം സംഘടിപ്പിച്ചു.

## സൗജന്യ മെഡിക്കൽ ക്യാമ്പ്

വൈറ്റില - തമ്മനം സീനിയർ സിറ്റിസൺ ഫോറവും സഹൃദയയും ചേർന്ന് വാസൻ ഐ കെയർ, മാ കെയർ കലൂർ, സഹൃദയ നൈവേദ്യ ആയുർവേദ ആശുപത്രി എന്നിവരുടെ സഹകരണത്തോടെ പൊന്നുരുന്നി സഹൃദയ ഓഡിറ്റോറിയത്തിൽ സൗജന്യ ആരോഗ്യ പരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചു.

## സൗജന്യ തയ്യൽ പരിശീലന സർട്ടിഫിക്കറ്റ് വിതരണം

ഇറ്റാലിയൻ ബിഷപ്സ് കോൺഫറസിന്റെ സഹായത്തോടെ സഹൃദയ നടപ്പിലാക്കുന്ന വുമൺ എംപവർമെന്റ് പ്രോജക്ടിന്റെ ഭാഗമായി അങ്കമാലി സ്നേഹധാര ഫാമിലി അപ്പോസ്തലേറ്റ് സെന്ററിൽ സംഘടിപ്പിച്ച 6 ദിന സൗജന്യ തയ്യൽ പരിശീലനം വിജയകരമായി പൂർത്തിയാക്കിയ 25 വനിതകൾക്ക് സർട്ടിഫിക്കറ്റുകൾ നൽകി.

## അലങ്കാര മെഴുതിരി നിർമ്മാണ പരിശീലനം

സഹൃദയ, കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജൻശിക്ഷൻ സൻസ്ഥാൻ എറണാകുള (JSS) വുമായി സഹകരിച്ച് അങ്കമാലി സ്നേഹധാര ഫാമിലി അപ്പോസ്തലേറ്റ് സെന്ററിൽ സംഘടിപ്പിക്കുന്ന 30 ദിവസം ദൈർഘ്യമുള്ള സൗജന്യ അലങ്കാരമെഴുകുതിരി നിർമ്മാണ പരിശീലനം ആരംഭിച്ചു.

## സ്നേഹ മെന്റൽ ഹെൽത്ത് - മരുന്ന് വിതരണം

സ്നേഹ മാനസികാരോഗ്യ പദ്ധതി ഗുണഭോക്താക്കൾക്കായി മേഖലാതലത്തിൽ മരുന്നുകൾ വിതരണം ചെയ്തു.

## ബോർഡ് മീറ്റിംഗ്

സഹൃദയയുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും ഡയറക്ടർ ബോർഡ് മീറ്റിംഗ് എറണാകുളം അരമനയിൽ നടത്തി.

## വിദ്യാദർശൻ ക്ലാസ്സ്

നിർധന വിദ്യാർത്ഥികളുടെ പഠനപരിപോഷണത്തിനായി നടപ്പാക്കുന്ന വിദ്യാദർശൻ പദ്ധതി അംഗങ്ങൾക്കുള്ള ക്ലാസ്സ് ചേർത്തല മേഖല ഓഫീസിൽ നടത്തി.

## കൗൺസിലിംഗ് ബോധവൽക്കരണ ക്ലാസ്സ്

സഹൃദയ വീ-ഗാർഡുമായി സഹകരിച്ച് സ്ത്രീകൾക്കായി ഒരുക്കുന്ന 'ഇടം' സൗജന്യ കൗൺസിലിംഗ് പദ്ധതിയുടെ ഭാഗമായി കൗൺസിലിംഗ് ബോധവൽക്കരണ ക്ലാസ്സ് തേവക്കൽ, പാറത്തെറ്റ, മലയാറ്റൂർ, സൗത്ത് വെള്ളാരപ്പിള്ളി എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു.

## സ്വയം സഹായ സംഘങ്ങളുടെ വാർഷിക ആഘോഷം

ഞാറല്ലൂർ, തേവക്കൽ ഇടവകകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷികാഘോഷം സംഘടിപ്പിച്ചു.

## കേരള സോഷ്യൽ സർവീസ് ഫോറം ജനറൽ ബോഡി

കോട്ടയം ആമോസ് സെന്ററിൽ സംഘടിപ്പിച്ച കേരള സോഷ്യൽ സർവീസ് ഫോറം വാർഷിക ജനറൽ ബോഡി യോഗത്തിൽ പങ്കെടുത്തു.

## സ്ത്രീ ശാക്തീകരണ ക്ലാസ്സ്

സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ ആഭിമുഖ്യത്തിൽ വെസ്റ്റ് കൊരട്ടിയിൽ സ്വയം സഹായ സംഘാംഗങ്ങൾക്കായി സ്ത്രീ ശാക്തീകരണ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.

## ആനിമേറ്റേഴ്സ് മീറ്റിങ്ങ്

സഹൃദയ സംഘങ്ങളുടെ ആനിമേറ്റേഴ്സ് മീറ്റിങ്ങ് മേഖലാതലത്തിൽ സംഘടിപ്പിച്ചു.

### ജെ. എൽ. ജി. ഗ്രൂപ്പ് രൂപീകരണം

സഹൃദയ വെസ്കോ ക്രെഡിറ്റ് ഫെഡറൽ ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുന്ന ജെ. എൽ. ജി. പള്ളുരുത്തി, ഓൾഡ് കുത്തിയതോട്, കുറുമശ്ശേരി, തോട്ടുവ, ഇടയാഴം, അയ്യമ്പിള്ളി, ചുള്ളി, ഉദയംപേരൂർ, എരമല്ലൂർ, നെട്ടൂർ, കോടുശ്ശേരി, പാലൂത്തറ ഞാറക്കൽ, വെള്ളാരപ്പിള്ളി, കുറ്റിപ്പാറ, കോക്കുന്ന്, പട്ടിമറ്റം, കടവന്ത്ര, കാതിക്കുടം, ദേവഗിരി, ജോസ്പുരം, കാലടി, കാവിൽ, അയ്യമ്പിള്ളി, പിച്ചാനിക്കാട്, പൂക്കാട്ടുപടി, സൗത്ത് പറവൂർ, തലയോലപ്പറമ്പ്, തോട്ടകം, അയ്യമ്പുഴ, തൃപ്പൂണിത്തുറ, ആരക്കുന്നം, കൊങ്ങോർപ്പിള്ളി, യൂണിവേഴ്സിറ്റി സെന്റർ, ഞാറല്ലൂർ, എളംകുളം, ഇടക്കൊച്ചി, പൊന്നുരുന്നി, താന്നിപ്പുഴ, പുതുവൈപ്പ്, അമ്പുനാട്, സെബിപുരം, അയിരൂർ, കുമ്പളം, കറുകുറ്റി, പുളിയനം, കണ്ടനാട്, കൂടാലപ്പാട്, അകപ്പറമ്പ്, കുന്നപ്പിള്ളിശ്ശേരി, നടേൽ, നായരമ്പലം, മരുത്തോർവട്ടം, ചെമ്മനത്തുകര, സെബിയൂർ, മുട്ടം, പെരുമാനൂർ, ചേന്ദമംഗലം, കരയാംപറമ്പ്, പെരിയാർമുഖം, അശോകപുരം, വിലങ്ങ്, എന്നീ വില്ലേജുകളിൽ രൂപീകരിച്ചു.

### തൊഴിൽ വായ്പ

ജൂൺ മാസത്തിൽ സ്വയം തൊഴിൽ വായ്പയായി ജെ. എൽ. ജി. കൾ വഴി 54,44,000 രൂപയും സംഘങ്ങൾ വഴി 2,10,000 രൂപയും വിതരണം ചെയ്തു.

**ഫാ. ആന്റണി പുതിയാപറമ്പിൽ**
**ഡയറക്ടർ**

---


# നൈപുണ്യ ഇന്റർനാഷണൽ

**1) NAIPUNNYA INTERNATIONAL, CORPORATE OFFICE**

**Contact: 9446339966, 0484-2381947**

- Shape your global future - Study Bachelors & Masters in **New Zealand.**
- Pursue a Nursing degree in **Georgia** at a low tuition fee.
- Build your future in the **Netherlands** with industry - focused programs in AI, Cyber Security, Business, and Engineering.
- **IELTS, NICE (Naipunnya International Communicative English)** എന്നീ ഇംഗ്ലീഷ് ഭാഷ പരിശീലന കോഴ്സുകൾക്ക് ജൂലൈ മാസത്തിലെ എല്ലാ തിങ്കളാഴ്ചകളിലും പുതിയ ബാച്ചുകൾ ആരംഭിക്കുന്നു.

- **TOKYO METROPOLITAN UNIVERSITY (TMU)**: പ്ലസ് ടു കഴിഞ്ഞവർക്ക് ജപ്പാനിൽ **UG** പ്രോഗ്രാമിൽ സ്കോളർഷിപ്പോടുകൂടെ പഠിക്കാം. താല്പര്യമുള്ളവർ നൈപുണ്യ ഓഫീസിൽ ബന്ധപ്പെടുക.
- **Study Abroad Counselling**: വിദേശ പഠനത്തിന് സാധ്യത തേടുന്ന കുട്ടികൾക്ക് വേണ്ട മാർഗ്ഗനിർദേശങ്ങളും വിവിധ വിദേശ യൂണിവേഴ്സിറ്റികളിലെ സാധ്യതകൾ കണ്ടെത്താനുള്ള സഹായവും അനുബന്ധ കൗൺസിലിങ്ങും നൈപുണ്യ ഇന്റർനാഷണൽ എഡ്യൂക്കേഷണൽ കൗൺസിലിംഗ് ടീം ഇടവകകളിൽവന്ന് നൽകുന്നതാണ്. ഞായറാഴ്ചകളിൽ വിശുദ്ധ കുർബാനയ്ക്കു ശേഷമുള്ള സമയത്ത്, മുൻകൂട്ടി ബുക്ക് ചെയ്യുന്ന ഇടവകകളിൽ ഈ സേവനം സൗജന്യമായി ലഭ്യമാക്കുന്നതാണ്.

## 2) NAIPUNNYA ACADEMY, RENEWAL CENTRE, KALOOR

**Contact: 9072919144**

**July Programs**

വിദേശ ഭാഷാ പഠനത്തിന് (German, Italian & Spanish) കലൂർ റിന്യൂവൽ സെന്ററിലുള്ള നൈപുണ്യ അക്കാദമിയിൽ ബന്ധപ്പെടുക.

- Italian (A1 A2) Offline batch starts July 1st.
- Spanish (A1 A2) Online batch starts July 1st.
- German (A1 A2 B1) Offline batch starts July 13th.

ജർമ്മൻ & ഇറ്റാലിയൻ ഭാഷാ പഠനത്തിന് താല്പര്യമുള്ളവർക്ക് താമസ സൗകര്യം ലഭ്യമാണ്.

- Admissions are now open for Civil Service Regular, Sunday, Evening and Foundation 2026-27 batches.
- Tuition classes are available for classes 8, 9, 10, 11 and 12.
- For Civil Service Outreach programs please contact the office.
- **Talent Track JUNIOR IAS Program:** എട്ട്, ഒൻപത് ക്ലാസ്സുകളിൽ പഠിക്കുന്ന (എറണാകുളം-അങ്കമാലി അതിരൂപത അംഗങ്ങളായ) തിരഞ്ഞെടുക്കപ്പെടുന്ന 40 കുട്ടികൾക്ക് പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള സമയത്ത് സൗജന്യമായി ട്രെയിനിങ് നൽകുന്നു. പഠനത്തിൽ മികവ് പുലർത്തുന്ന, IAS അഭിരുചിയുള്ള, നേതൃനിരയിലേക്ക് ഉയർത്തിക്കൊണ്ടുവരാൻ സാധിക്കുന്ന കുട്ടികളെ കണ്ടെത്തി വികാരിയച്ചൻമാർ അറിയിക്കുമല്ലോ. ഇതിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് അവരുടെ വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ് കൂടെ നൽകുന്നതാണ്. ഇടവകകളിൽ നിന്നും വികാരിയച്ചന്മാർ കണ്ടെത്തി ശുപാർശയോടെ അയക്കുന്ന കുട്ടികളിൽനിന്ന് ഇന്റർവ്യൂ നടത്തി 40 കുട്ടികളെ തിരഞ്ഞെടുക്കുന്നതാണ്. എല്ലാ രണ്ടാം ശനിയാഴ്ചകളിലും ആയിരിക്കും ക്ലാസ്സുകൾ നടക്കുന്നത്.

## 3) NAIPUNNYA ACADEMY, THRIKKAKARA

**Contact: 9544919133, 9947349966**

**July Programs**

- **UGC NET/JRF** PAPER I & PAPER II - Offline & Online batch for 2026 DECEMBER exam. (Admissions now open for July batch).
- **BANK (IBPS, PO, CLERK, SO)** - Offline (New batch starts every Monday this July).
- **SSC (CGL, CHSL, MTS)** - Offline (New batch starts every Monday this July).
- **CUET (Common University Entrance Test)** - Online & Offline regular batches (Admission are now open for July batch).
- **RAILWAY RECRUITMENT BOARD**
  Graduate level (New batch starts every Monday this July).
  Undergraduate level (New batch starts every Monday this July).
- **IELTS, PTE & COMMUNICATIVE ENGLISH** new Offline & Online batches starts every Monday this July.
- **LAW ENTRANCE CLAT, KLEE, CUSAT -CAT-LLB** (Online) Admissions are now open for July batch.

## 4) NAIPUNNYA INTERNATIONAL SUBODHANA PASTORAL CENTRE, ANGAMALY

**Contact: 9544919155, 9633338433**

അങ്കമാലി സുബോധനയിൽ ആരംഭിച്ചിരിക്കുന്ന നൈപുണ്യ ഇന്റർനാഷണൽ സ്ഥാപനത്തിൽ ഇംഗ്ലീഷ് ഭാഷയിൽ നൈപുണ്യം നേടാം.

- IELTS, PTE എന്നീ പരിശീലന കോഴ്സുകൾ ജൂലൈ മാസത്തിലെ എല്ലാ തിങ്കളാഴ്ചകളിലും ആരംഭിക്കുന്നു.
- & NICE (Naipunnya International Communicative English) New Offline batches commence every Monday this July. Reserve your seat and get started.
- Expert Guidance for Overseas Education and Counselling.

**Fr. Juby Joy Kalathiparambil**
**Director**

എറണാകുളം
# ചിറ്റൂർ ധ്യാനകേന്ദ്രം
സ്നേഹശുശ്രൂഷാലയം

*'നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും.' (യോഹ 15:4)*

## 2026 ജൂലൈ മാസത്തെ ആത്മീയശുശ്രൂഷകൾ

### ആന്തരികസൗഖ്യധ്യാനം (Inner Healing Retreat)

ജൂലൈ 3 വെള്ളി 5.00 pm – ജൂലൈ 8 ബുധൻ 8.00 am
ജൂലൈ 10 വെള്ളി 5.00 pm – 15 ബുധൻ 8.00 am
ജൂലൈ 17 വെള്ളി 5.00 pm – 22 ബുധൻ 8.00 am
ജൂലൈ 31 വെള്ളി 5.00 pm – ഓഗസ്റ്റ് 5 ബുധൻ 8.00 am

### ആത്മാഭിഷേക ധ്യാനം (Holy Spirit Anointing Retreat)

ജൂലൈ 24 വെള്ളി 5.00 pm – ജൂലൈ 27 തിങ്കൾ 8.00 am

### എബൈഡ് – യുവജനധ്യാനം (Abide 102)

ജൂലൈ 10 വെള്ളി 9.00 am – ജൂലൈ 14 ചൊവ്വ 8.00 am

### മാസാദ്യവെള്ളി കൺവെൻഷൻ (First Friday Convention)

ജൂലൈ 3 വെള്ളി 9.00 am – 3.00 pm

### ഏകദിനധ്യാനം (One Day Retreat)

മാസാദ്യവെള്ളി ഒഴികെ മറ്റെല്ലാ വെള്ളിയാഴ്ചകളിലും 9.00 am - 3.00 pm

### ജപമാല സെനക്കിൾ കേന്ദ്ര കൂട്ടായ്മ

ജൂലൈ 19 ഞായർ 2.00 pm – 5.00 pm

### Abide Night Vigil (എബൈഡ് യുവജനങ്ങൾക്കായി)

എല്ലാ ശനിയാഴ്ചകളിലും 6.30 pm - 9.30 pm

### ജാഗരണപ്രാർത്ഥന (Night Vigil)

എല്ലാ വെള്ളിയാഴ്ചയും 9.30 pm - ശനി 1.00 am

☞ കുമ്പസാരം, കൗൺസിലിങ്ങ് – എല്ലാ ദിവസവും സൗകര്യമുണ്ടായിരിക്കും.

☞ മധ്യസ്ഥ പ്രാർത്ഥന 24 മണിക്കൂറും ഉണ്ടായിരിക്കും.

ധ്യാനം ബുക്ക് ചെയ്യാൻ: **Ph: 9446040508, 8606740508, 8606729508, 0484-2432508**
Website: www.chittoorretreatcentre.org

**ഫാ. ജോസ് പുതിയേടത്ത്**
**ഡയറക്ടർ**

# ഇവാഞ്ചലൈസേഷൻ ഡിപ്പാർട്ടുമെന്റ്

## KINDLE Programme

പുതിയ അധ്യയന വർഷത്തിൽ വലിയ പ്രതീക്ഷകളോടെ വിദ്യാലയങ്ങളിലേക്ക് എത്തുന്ന നമ്മുടെ കുട്ടികളെ ഏറ്റവും നല്ല രീതിയിൽ സ്നേഹിച്ച് അവരുടെ ബൗദ്ധിക വളർച്ചയോടൊപ്പം ശരിയായ വ്യക്തിത്വ രൂപവൽക്കരണത്തിനും ഉതകുന്ന വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യം നേടാൻ അദ്ധ്യാപകരെയും മാതാപിതാക്കളെയും പ്രാപ്തരാക്കുക എന്ന ഉദ്ദേശത്തോടെ അതിരൂപത ഇവാഞ്ചലൈസേഷൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഓറിയന്റേഷൻ ക്ലാസ്സും തുടർന്ന് ആരാധനയും - KINDLE- Setting the Spark for a New Academic Year സ്കൂളുകളിൽ സംഘടിപ്പിച്ചുവരുന്നു.

മെയ് 25-ന് മേരിമാതാ പബ്ലിക് സ്കൂൾ തൃക്കാക്കര, മെയ് 28-ന് കാർഡിനൽ സ്കൂൾ തൃക്കാക്കര, മെയ് 29-ന് മേരിമാതാ പബ്ലിക് സ്കൂൾ തൃക്കാക്കര, ജൂൺ 8-ന് നൈപുണ്യ കോളേജ് ചേർത്തല എന്നിവിടങ്ങളിൽ KINDLE പ്രോഗ്രാം വിജയകരമായി നടത്തി.

അടുത്ത മാസങ്ങളിൽ KINDLE പ്രോഗ്രാം നടക്കുന്ന സ്ഥലങ്ങൾ:

ജൂൺ 21 : സെന്റ് മാർട്ടിൻ ചർച്ച്, പാലാരിവട്ടം

ജൂൺ 25 : ഡി പോൾ പ്രൊവിൻഷ്യൽ ഹൗസ്, പോട്ട

ജൂൺ 28 : സെന്റ് തോമസ് ചർച്ച്, മംഗലശ്ശേരി

ജൂലൈ 18 : സെന്റ് ലൂയിസ് സ്കൂൾ, തുരുത്തിപ്പുറം

## I CLOUD - Integrity Cloud

വിദ്യാഭ്യാസത്തോടൊപ്പം നമ്മുടെ കുട്ടികൾ ദൈവവിശ്വാസത്തിലൂന്നിയ വ്യക്തിജീവിതവും ഉയർന്നമൂല്യങ്ങളും കൈവരിക്കണമെന്ന ഉദ്ദേശത്തോടെ അതിരൂപത ഇവാഞ്ചലൈസേഷൻ വിഭാഗം കുട്ടികൾക്കായി ഒരുക്കുന്ന കാര്യപരിപാടി - 'I CLOUD ' വിവിധ സ്കൂളുകളിൽ LP, UP, HS, HSS വിഭാഗങ്ങൾക്ക് ഓരോ ദിനങ്ങളിലായി സംഘടിപ്പിക്കുന്നു. ഓരോ കുട്ടിയ്ക്കും തങ്ങളുടെ വ്യക്തിപരമായ കരുത്തും കഴിവുകളും കണ്ടെത്താനുള്ള അവസരം നൽകി, പരസ്പര സ്നേഹത്തോടും സഹഭാവത്തോടും കൂടി പരസ്പരം അംഗീകരിച്ച്, കൂട്ടായ വിജയം നേടുവാൻ അവരെ പ്രാപ്തരാക്കുന്നതോടൊപ്പം സോഷ്യൽ മീഡിയയിലും മറ്റ് ഡിജിറ്റൽ ഉപകരണങ്ങളിലുമുള്ള സ്ക്രീൻ ടൈം കുറച്ച്, പ്രകൃതിയോടും സഹജീവികളോടും കൂടുതൽ ഇണങ്ങി, മാനസിക സമ്മർദം നിയന്ത്രിക്കാനും ആരോഗ്യകരമായ പഠന-ജീവിത സമനില കൈവരിക്കാനും അവരെ സഹായിക്കുന്നു.

**ഫാ. റിജു ആന്റണി വെളിയിൽ**
**ഡയറക്ടർ**

# ബൈബിൾ അപ്പോസ്തലേറ്റ്

## ലോഗോസ് ക്വിസ് 2026 - പ്രത്യേക ശ്രദ്ധയ്ക്ക്:

1. ലോഗോസ് ക്വിസ് 2026 അതിരൂപതാതല **പരീക്ഷ സെപ്റ്റംബർ 27 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെ**യായിരിക്കും.
2. ഓരോ വ്യക്തിയിൽ നിന്നും രജിസ്ട്രേഷൻ ഫീസായി 20 രൂപയാണ് ഈടാക്കേണ്ടത് (അതിൽ 2 രൂപ ഇടവകയിലെ ലോഗോസിന്റെ പ്രവർത്തനങ്ങൾക്കും 18 രൂപ സംസ്ഥാന, രൂപതാ, പ്രവർത്തനങ്ങൾക്കുമായി കലൂർ, റിന്യൂവൽ സെന്ററിൽ പ്രവർത്തിക്കുന്ന ബൈബിൾ അപ്പോസ്തലേറ്റ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്).
3. 2026 ജൂൺ 1 മുതൽ ജൂലൈ 31 വരെയാണ് രജിസ്ട്രേഷൻ ചെയ്യേണ്ട സമയം. ഓൺലൈൻ രജിസ്ട്രേഷൻ ആയിരിക്കും. ജൂലൈ 31-നു ശേഷം രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. ഹാൾടിക്കറ്റ് ഇല്ലാത്തവരെ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല. അതിനാൽ രജിസ്ട്രേഷൻ സമയപരിധി കൃത്യമായി പാലിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.
4. ഓൺലൈൻ രജിസ്ട്രേഷന്റെ സുഗമമായ നടത്തിപ്പിനായി എല്ലാ ഇടവകകളിൽ നിന്നും ഒരു കോ-ഓർഡിനേറ്ററെ തെരഞ്ഞെടുക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രജിസ്ട്രേഷൻ നടത്തുകയും ചെയ്യുന്നത് അഭികാമ്യമായിരിക്കും.

നമ്മുടെ അതിരൂപതയിൽ നൽകുന്ന പ്രത്യേക സമ്മാനങ്ങൾ:

1. ഏറ്റവും കൂടുതൽ അംഗങ്ങൾ രജിസ്റ്റർ ചെയ്ത ഇടവകകൾ
2. ഏറ്റവും കൂടുതൽ അംഗങ്ങളെ പരീക്ഷയിൽ പങ്കെടുപ്പിക്കുന്ന ഇടവകകൾ
3. ഫാമിലി ക്വിസിൽ ഏറ്റവും കൂടുതൽ കുടുംബങ്ങളെ പങ്കെടുപ്പിക്കുന്ന ഇടവകകൾ
4. കുടുംബങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്ന ഇടവകകൾ

Bank Account Details: Bible Apostolate Department Unit
Azad Road Kaloor, Ernakulam.
A/c No. 14210100213569
I F S C: FDRL0001421
Federal Bank, Ernakulam/Kaloor.

N B: രജിസ്ട്രേഷൻ കൃത്യസമയത്ത് നടത്തണം. രജിസ്ട്രേഷൻ ഫീസ് ബാങ്ക് വഴി തരുമ്പോൾ ബാങ്ക് വിവരങ്ങളും ഇടവകയുടെ പേരും സെന്റർ കോഡും ഉണ്ടായിരിക്കണം. അതിന്റെ screenshot 9946737160 എന്ന നമ്പറിൽ ആ ദിവസം തന്നെ അയച്ചു തരികയും വേണം.

എറണാകുളം-അങ്കമാലി മേജർ അതിരൂപത

## ബൈബിൾ കലോത്സവം 2026

**2026 നവംബർ 14, 15 (ശനി, ഞായർ) തീയതികളിൽ**
**സ്ഥലം: കാർഡിനൽ പാറേക്കാട്ടിൽ മെമ്മോറിയൽ റിന്യൂവൽ സെന്റർ, കലൂർ, കൊച്ചി.**

### പൊതുനിബന്ധനകൾ

1. എല്ലാ മത്സര ഇനങ്ങളും ബൈബിൾ പ്രമേയങ്ങളെ അടിസ്ഥാനമാക്കിയുള്ളവയായിരിക്കണം. ബൈബിൾ ആഭിമുഖ്യമുള്ളതുകൊണ്ടോ ബൈബിൾ ഉദ്ധരണികൾ ചേർത്തതുകൊണ്ടോ മതിയാവുകയില്ല. ബൈബിളിലെ ഏതുഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. രചനയിലും അവതരണത്തിലും ആനുകാലിക ആവിഷ്കരണം അനുവദനീയമാണ്. പി.ഒ.സി. ബൈബിൾ ആയിരിക്കും മത്സരങ്ങളൂടെ അടിസ്ഥാനം.

2. 2012 ജനുവരി 1-ാം തീയതിയോ അതിനുശേഷമോ ജനിച്ചവരാണ് ജൂനിയേഴ്സ്. 2002 ജനുവരി 1 മുതൽ 2011 ഡിസംബർ 31 വരെ (31 ഉൾപ്പെടെ) ജനിച്ചവർ സീനിയേഴ്സ്. ജൂനിയേഴ്സിന് സീനിയർ വിഭാഗത്തിലോ, സീനിയേഴ്സിന് ജൂനിയർ വിഭാഗത്തിലോ മത്സരിക്കാൻ അനുവാദമില്ല. ചിത്രരചനാമത്സരങ്ങൾക്ക് ഒഴികെയുള്ള മറ്റ് രചനാമത്സരങ്ങൾക്ക് പ്രായനിബന്ധനകളില്ല.

3. അതിരൂപതാ മത്സരങ്ങൾ 2026 നവംബർ 14, 15 തീയതികളിൽ കലൂർ റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. 2026 ഒക്ടോബർ 20-ാം തീയതിക്കുമുമ്പ് ഫൊറോനാതല മത്സരങ്ങൾ നടത്തി അതിരൂപതാ മത്സരത്തിനുള്ളവരുടെ പേരുകൾ www.ekmbibleapostolate.com എന്ന വെബ്സൈറ്റിൽ BIBLE KALOLSAVAM 2026- ൽ ലോഗിൻ ചെയ്ത് രജിസ്റ്റർ ചെയ്യുക. 2026 ഒക്ടോബർ 20-നുശേഷം വരുന്ന എൻട്രികൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

4. അവതരണ മത്സരങ്ങൾക്കുള്ള രചനകൾ അംഗീകാരത്തിനായി 2026 ഒക്ടോബർ 20-ാം തീയതിക്കുമുമ്പ് അതിരൂപതാ ബൈബിൾ അപ്പസ്തോലേറ്റ് കേന്ദ്രത്തിൽ ഫൊറോന ബൈബിൾ കലോത്സവ ഡയറക്ടറുടെ ഒപ്പു സഹിതം ഏല്പിച്ചിരിക്കേണ്ടതാണ്. ഒന്നിലധികം ഇനങ്ങൾക്ക് ഒരേ രചനയാണ് ഉപയോഗിക്കുന്നതെങ്കിൽ അവതരണ ഇനങ്ങൾക്കനുസരിച്ച് രചനകളുടെ കോപ്പികളും അയക്കേണ്ടതാണ്. ഏതെങ്കിലും രചന അവതരണ യോഗ്യമല്ലെന്നു ജൂറി തീരുമാനിക്കുന്ന

പക്ഷം ആ വിവരം 2026 നവംബർ 1-ാം തീയതിക്കുമുമ്പ് ബന്ധപ്പെട്ടവരെ അറിയിക്കുന്നതാണ്. ഒരിക്കൽ ഒരു രചന അംഗീകരിച്ചു കഴിഞ്ഞാൽ അതിനു പകരമായി മറ്റൊന്നു സ്വീകരിക്കുന്നതല്ല. അംഗീകാരം ലഭിച്ചിട്ടില്ലാത്ത രചനകൾ അവതരിപ്പിക്കാൻ അനുവദിക്കുന്നതല്ല.

5. അവതരണ മത്സരങ്ങളിലും ചിത്രരചനാ മത്സരത്തിലും പങ്കെടുക്കുന്നവർ ഇടവക വികാരി ഒപ്പിട്ടതും ഇടവകയുടെ മുദ്രയോടുകൂടിയതും ഫോട്ടോ പതിപ്പിച്ചതുമായ ജനനസർട്ടിഫിക്കറ്റ് മത്സര സമയത്ത് കൈവശം കരുതേണ്ടതാണ്. ഇടവകയുടെ ലെറ്റർ പാഡിൽ വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും ഇടവകയുടെ സീൽ ഫോട്ടോയ്ക്കുമേൽ പതിപ്പിച്ചിട്ടുള്ളതുമായിരിക്കണം

   പിന്നണിക്കാരുടെ തിരിച്ചറിയൽ കത്ത്.

   - അവരുടെ identity-യെക്കുറിച്ചു പരാതി ലഭിച്ചാൽ തിരിച്ചറിയൽ കത്തു കൈവശം ഇല്ലാത്ത പിന്നണിക്കാരുൾപ്പെടുന്ന ടീമിനെ അയോഗ്യരാക്കി പ്രഖ്യാപിക്കുന്നതാണ്.

6. അവതരണ സമയത്ത് എന്തെങ്കിലും സാങ്കേതിക തടസം ഉണ്ടായതായി (പെൻഡ്രൈവ് കേടാകുക, കറന്റ് ഇല്ലാതാകുക etc.) ജഡ്ജസ്സിന് ബോധ്യപ്പെട്ടാൽ ടീം മാനേജർ ആവശ്യപ്പെടുന്നതനുസരിച്ച് ആ ഇനം പുനരവതരിപ്പിക്കാൻ അവസരം നൽകുന്നതാണ്.

7. ഏകാങ്ക നാടകം, തെരുവു നാടകം, എന്നിവക്ക് പങ്കെടുക്കുന്നവരുടെ എണ്ണത്തിന് പരിധിവച്ചിട്ടില്ല. രംഗത്തും പിന്നണിയിലും ഉള്ളവർ കത്തോലിക്കർ ആയിരിക്കണം. തെരുവുനാടകത്തിന് വാദ്യങ്ങൾ ഉപയോഗിക്കുന്നവർ കത്തോലിക്കരായിരിക്കണം.

8. മത്സരങ്ങളെ സംബന്ധിച്ച് തർക്കമുണ്ടായാൽ ജൂറി ഓഫ് അപ്പീലിന്റെ തീരുമാനം അന്തിമമായിരിക്കും

9. അവതരണങ്ങളുടെ ക്രമം; അതിരൂപതാതല ബൈബിൾകലോത്സവത്തിൽ മത്സര ഇനങ്ങളുടെ അവതരണക്രമം 2026 നവംബർ 4-ാം തീയതി 3.00 മണിക്ക് റിന്യൂവൽ സെന്ററിൽ വച്ച് നറുക്കെടുപ്പു നടത്തി നിശ്ചയിക്കുന്നതാണ്. ഫൊറോനാ ഡയറക്ടറോ അദ്ദേഹത്തിന്റെ പ്രതിനിധിയായി ടീം മാനേജറോ നറുക്കെടുപ്പിൽ പങ്കെടുക്കേണ്ടതാണ്. അവതരണ മത്സരങ്ങളിൽ പ്രസംഗം, ബൈബിൾ ക്വിസ് ഒഴികെയുള്ള മത്സരങ്ങളിൽ പങ്കെടുക്കേണ്ടവർ നിശ്ചിത ക്രമമനുസരിച്ച് വേദിയിൽ ഹാജരായില്ലെങ്കിൽ മൂന്ന് കാൾ വിളിച്ച് ക്യാൻസൽ ചെയ്യുന്നതിനുപകരം ഏറ്റവും അവസാനം അവർക്ക് അവസരം നൽകുന്നതായിരിക്കും. എന്നാൽ, അങ്ങനെയുള്ളവർക്ക് ജഡ്ജസ് നൽകുന്ന മാർക്കിന്റെ 20 ശതമാനം

കുറച്ചുമാത്രമേ പരിഗണിക്കുകയുള്ളൂ. അങ്ങനെയുള്ളവർ കേന്ദ്ര ഓഫീസിൽനിന്ന് പ്രത്യേക അനുവാദ കത്ത് വാങ്ങുകയും അത് നിശ്ചിത വേദിയിൽ എത്തിക്കുന്നതിന്റെ മുൻഗണനാ ക്രമമനുസരിച്ച് അവതരണം നടത്താവുന്നതുമാണ്. ഏതെങ്കിലും കാരണത്താൽ ലഭിച്ച ഓർഡറിൽ മാറ്റം വരുത്തണമെങ്കിൽ ടീം മാനേജർമാർ തമ്മിൽ ധാരണയായി രേഖാമൂലം കലോത്സവ ഓഫീസിൽ അറിയിക്കേണ്ടതാണ്. മത്സര വേളകളിൽ ആദ്യന്തം ടീം മാനേജർ മത്സരസ്ഥലത്ത് ഉണ്ടായിരിക്കണം.

10. മത്സരസംബന്ധമായ പരാതികൾ മത്സരം അവസാനിച്ച് 15 മിനിറ്റിനുള്ളിൽ രേഖാമൂലം ഫൊറോന ഡയറക്ടറോ, ടീം മാനേജരോ ജൂറി ഓഫ് അപ്പീലിന് 500/- രൂപ ഫീസോടുകൂടി ഏല്പിക്കേണ്ടതാണ്. പരാതികൾക്കും മറ്റ് ആവശ്യങ്ങൾക്കും കേന്ദ്രഓഫീസുമായി ബന്ധപ്പെടേണ്ടത് ഫൊറോന ഡയറക്ടറോ, ടീം മാനേജരോ ആയതിനാൽ, ടീം മാനേജർ ആരെന്ന് മത്സര ലിസ്റ്റ് നൽകുന്നതോടൊപ്പം അറിയിക്കേണ്ടതാണ്. മത്സരത്തിന്റെ ഫലപ്രഖ്യാപനത്തിനുശേഷമുള്ള പരാതികൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

11. അതിരൂപതാതലത്തിൽ വിവിധ മത്സരങ്ങളിൽ പങ്കെടുക്കുന്ന മത്സരാർത്ഥികളുടെ പേരുവിവരം വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന എൻട്രി ഫോമിൽ തയ്യാറാക്കുന്നത് സൗകര്യപ്രദമായിരിക്കും. അതിരൂപതാ മത്സരത്തിനുള്ളവരുടെ രജിസ്ട്രേഷൻ പ്രസ്തുത വെബ്സൈറ്റിൽ (www.ekmbibleapostolate.com) നടത്തുമ്പോൾ, ഓരോ മത്സരാർത്ഥിയുടേയും പാസ്പോർട്ട് സൈസ് ഫോട്ടോയും, ഇടവക വികാരി ഒപ്പിട്ടതും ഇടവകയുടെ മുദ്രയോടുകൂടിയതുമായ ജനന സർട്ടിഫിക്കറ്റും അറ്റാച്ച് ചെയ്യേണ്ടതാണ് (Scanned or Photo). ജനന സർട്ടിഫിക്കറ്റില്ലാത്ത ആരേയും മത്സരത്തിൽ പങ്കെടുപ്പിക്കുന്നതല്ല. മത്സരത്തിൽ പങ്കെടുക്കുന്നവർ പ്രസ്തുത ഇടവകയിലെ അംഗങ്ങളാണെന്ന് വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ രേഖയായിക്കൂടി ജനന സർട്ടിഫിക്കറ്റിനെ പരിഗണിക്കുന്നതാണ് (മത്സരാർത്ഥികൾ ഇടവകകാംഗങ്ങളാണെന്നതിന്റെ മാനദണ്ഡം ഇടവക പള്ളിയിലെ ആത്മസ്ഥിതി രജിസ്റ്റർ ആയിരിക്കും). ഇടവകാംഗങ്ങളല്ലാത്തവരെ മത്സരത്തിൽ പങ്കെടുപ്പിക്കാൻ പാടുള്ളതല്ല

12. സംസ്ഥാനതല മത്സരങ്ങൾ 2027 ജനുവരി 2, 3 (വെള്ളി, ശനി) തീയതികളിൽ നടക്കുന്നത്. അതിരൂപതാതലത്തിൽ ഫൊറോനയിൽ നിന്നും പങ്കെടുക്കേണ്ടവരുടെ എണ്ണം നല്കിയിരിക്കുന്ന അതേ ക്രമത്തിൽ തന്നെയാണ് സംസ്ഥാനതലത്തിൽ അതിരൂപതയിൽ നിന്നും പങ്കെടുക്കേണ്ടത്. അതിരൂപതയിൽ നിന്നും മേല്പറഞ്ഞ ക്രമപ്രകാരം സംസ്ഥാനതല മത്സരങ്ങൾക്ക് യോഗ്യത നേടുന്നവർ മത്സരദിവസം എത്തിച്ചേരേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ സംസ്ഥാനതല മത്സരത്തിന്

യോഗ്യത നേടിയ ടീമുകൾക്കോ വ്യക്തികൾക്കോ പ്രസ്തുത മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കാതെ വരുകയോ താല്പര്യമില്ലാതെ വരുകയോ ചെയ്താൽ ആ വിവരം 2026 ഡിസംബർ 1-നു മുൻപായി ഫൊറോന ഡയറക്ടർ/ടീം മാനേജർ മുഖേന അതിരൂപതാ കേന്ദ്രത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. തൽസ്ഥാനത്തേക്ക് അതിനു താഴെ യോഗ്യത നേടിയവരെ മത്സരിപ്പിക്കുന്നതാണ്.

11. പ്രത്യേകനിബന്ധനകൾ

**A. അവതരണമത്സരങ്ങൾ**

1. ലളിതഗാനം (ജൂനിയർ, സീനിയർ): സമയം 5 മിനിറ്റ്. മത്സരം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെയായിരിക്കും. ഓരോ വിഭാഗത്തിലും രണ്ടുപേർക്കുവീതം പങ്കെടുക്കാവുന്നതാണ്. ബൈബിൾ സന്ദേശം ഉൾക്കൊള്ളുന്ന ഏത് ലളിതഗാനവുമാകാം.

2. ശാസ്ത്രീയ സംഗീതം (ജൂനിയർ, സീനിയർ): ബൈബിൾ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ആധികാരികകൃതിയോ, മൗലിക കൃതിയോ ഉപയോഗിക്കാം. കീർത്തനങ്ങളോ വർണ്ണങ്ങളോ ആകാം. സമയം 7 മിനിറ്റ്. ജൂനിയറിലും സീനിയറിലും നിന്നും രണ്ടുപേർക്കു വീതം പങ്കെടുക്കാവുന്നതാണ് (ശാസ്ത്രീയ സംഗീതത്തിനു ശ്രുതിസഹായി (ശ്രുതിപ്പെട്ടി or മൊബൈൽ ) ഉപയോഗിക്കാവുന്നതാണ്).

3. പ്രസംഗം (ജൂനിയർ, സീനിയർ): സമയം 5 മിനിറ്റ്. പ്രസംഗത്തിന് 5 മിനിറ്റ് മുമ്പായിരിക്കും വിഷയം നൽകുക. ജൂനിയറിലും സീനിയറിലും നിന്നും രണ്ടുപേർക്കുവീതം പങ്കെടുക്കാവുന്നതാണ്.

4. കഥാപ്രസംഗം (ജൂനിയർ, സീനിയർ): സമയം 15 മിനിറ്റ്. പിന്നണിയിൽ എത്രപേർക്കുവേണമെങ്കിലും സഹായിക്കുകയോ ഏറ്റു പാടുകയോ ചെയ്യാവുന്നതാണ്. സഹായികൾ കത്തോലിക്കരായിരിക്കണം. എന്നാൽ, അവർക്ക് പ്രായപരിധി ബാധകമല്ല. സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നതിൽ പ്രത്യേക നിയന്ത്രണമില്ല. ജൂനിയറിലും സീനിയറിലും നിന്ന് ഒരാൾ വീതമേ പങ്കെടുക്കാവൂ. കഥാപ്രസംഗത്തിനു നാലു മൈക്കുകളായിരിക്കും സ്റ്റേജിൽ ഒരുക്കുക

5. ബൈബിൾ ക്വിസ് (ജൂനിയർ, സീനിയർ):രണ്ടുപേർ വീതമുള്ള ടീമുകളാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്. ജൂനിയറിലും സീനിയറിലും നിന്ന് രണ്ടു ടീമുകൾ വീതം പങ്കെടുക്കാവുന്നതാണ്.

   - Preliminary Selection: എല്ലാവരോടും എല്ലാ ചോദ്യങ്ങളും ചോദിച്ച് എഴുതിക്കുന്ന മാർഗ്ഗം അവലംബിച്ച് ആകെയുള്ള ടീമുകളിൽനിന്ന് അഞ്ച് ടീമുകളെ തെരഞ്ഞെടുക്കും.

- Final Quiz മേൽപ്പറഞ്ഞ വിധം തെരഞ്ഞെടുക്കപ്പെടുന്ന അഞ്ച് ടീമുകളിൽനിന്ന് ദൃശ്യശ്രാവ്യമാധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധ ചോദ്യോത്തര മാർഗ്ഗങ്ങൾ ഉപയോഗിച്ചായിരിക്കും സമ്മാനാർഹരെ കണ്ടെത്തുക.

വിഷയം: (ജൂനിയേഴ്സ്-സീനിയേഴ്സ്) **1 സാമുവൽ, യോഹന്നാന്റെ സുവിശേഷം, ഗലാത്തിയ ലേഖനം.**

6. ഡാൻസ് സിംഗിൾനാടോടി നൃത്തം(ജൂനിയർ, സീനിയർ)7 മിനിറ്റ്. രണ്ട് പേർക്ക് വീതം പങ്കെടുക്കാം. പിന്നണിയിൽ പെൻഡ്രൈവ് സംഗീതം മാത്രമേ അനുവദനീയമായിട്ടുള്ളൂ. മ്യൂസിക് പ്ലയർ ഓരോരുത്തരും കൊണ്ടുവരേണ്ടതാണ്.

7. സങ്കീർത്തനാലാപനം (ജൂനിയർ, സീനിയർ): സമയം 5 മിനിറ്റ്. പി.ഒ.സി. ബൈബിൾ ആണ് ആലാപനത്തിന് ഉപയോഗിക്കേണ്ടത്. ടെക്സ്റ്റിൽ മാറ്റം വരുത്തരുത്. വരികൾ ആവർത്തിക്കുന്നതിൽ കുഴപ്പം ഇല്ല. ഉച്ചാരണം, ഭാവം, താളം, ലയം എന്നിവ വിലയിരുത്തപ്പെടും, ജൂനിയറിലും സീനിയറിലും നിന്നും രണ്ടുപേർക്കു വീതം പങ്കെടുക്കാവുന്നതാണ്

8. തെരുവുനാടകം:
   a) ബൈബിൾ പ്രമേയങ്ങളായിരിക്കണം അവതരിപ്പിക്കുന്നത്.
   b) സമയം 20 മിനിറ്റായിരിക്കും.
   c) വസ്ത്ര ചമയങ്ങൾ ആകാം. എന്നാൽ, കളർചായങ്ങളുപയോഗിച്ചുള്ള മേയ്ക്കപ്പ് പാടില്ല. ജൂനിയർ, സീനിയർ വേർതിരിവില്ല.
   d) ഒരു ടീമിനുമാത്രമേ പങ്കെടുക്കാവൂ.

9. മാർഗ്ഗംകളി: അവതരണത്തിന് അനുവദിച്ചിട്ടുള്ള സമയം 10 മിനിറ്റാണ്. പാടുന്ന ആൾ ഉൾപ്പെടെ 7 പേരേ പങ്കെടുക്കാവൂ. കുഴിത്താളം (ചെറിയ ഇലത്താളം) ഉപയോഗിക്കാവുന്നതാണ്. ജൂനിയർ, സീനിയർ വേർതിരിവില്ല. ഒരു ടീമിനുമാത്രമേ പങ്കെടുക്കാവൂ.

10. നാടകം:
   a) അവതരണ സമയം 20 മിനിറ്റിൽ കുറയാനും 30 മിനിറ്റിൽ കൂടാനും പാടില്ല. സ്റ്റേജ് സജ്ജീകരണത്തിന് ഒരു നാടകം അവസാനിച്ച് 5 മിനിറ്റ് കഴിഞ്ഞ് 10 മിനിറ്റ് സമയം ലഭിക്കുന്നതാണ്. നാടകം കഴിഞ്ഞ് 5 മിനിറ്റിനുള്ളിൽ സ്റ്റേജ് സ്വതന്ത്രമാക്കി കൊടുക്കേണ്ടതാണ്. സ്റ്റേജ് സജ്ജീകരണത്തിനുള്ള സമയത്തിനുശേഷമേ നാടകം ആരംഭിക്കാവൂ.

   b) പി.ഒ.സി. യിൽ നടന്ന കലോത്സവങ്ങളിൽ ഒരിക്കൽ സമ്മാനം

നേടിയ നാടകങ്ങൾ വീണ്ടും മത്സരത്തിൽ അവതരിപ്പിക്കാൻ പാടില്ല.

c) സ്റ്റേജിൽ ഫ്രണ്ട് കർട്ടൻ, ബാക് കർട്ടൻ, രണ്ട് ഫുട്ട് ലൈറ്റ്, മൈക്ക് എന്നിവ ലഭിക്കുന്നതാണ്. ജൂനിയർ, സീനിയർ വേർതിരിവില്ല.ഒരു ടീമിനു മാത്രമേ പങ്കെടുക്കാവൂ.

d) വിലയിരുത്തൽ; ഇതിവൃത്തം (25); അവതരണം (25); സംവേദനം (25); അഭിനയം (25)

11. പെയിന്റിംഗ് മത്സരം (ജൂനിയർ, സീനിയർ): അവതരണ മത്സരങ്ങളോടൊപ്പമായിരിക്കും പെയിന്റിംഗ് മത്സരവും നടത്തുക. മത്സരസമയത്ത് ബൈബിളിൽനിന്ന് നല്കുന്ന വിഷയത്തിനനുസരിച്ചുവേണം പെയിന്റിംഗ് നടത്തുവാൻ. അതിനാവശ്യമായ എല്ലാ ഉപകരണങ്ങളും പങ്കെടുക്കുന്നവർ കൊണ്ടുവരേണ്ടതാണ്. പേപ്പർ സംഘാടകർ നൽകുന്നതാണ്. മത്സരത്തിൽ വാട്ടർകളറാണ് ഉപ യോഗിക്കേണ്ടത്. മത്സരത്തിന്റെ സമയം 2.00 മണിക്കൂർ ആയിരിക്കും. ജൂനിയറിലും, സീനിയറിലും നിന്നു മൂന്നുപേർക്കുവീതം പങ്കെടുക്കാം.

**B. രചനാമത്സരങ്ങൾ**

കവിത, ചെറുകഥ, നാടകരചന, ലേഖനം, എന്നിവയാണ് രചനാമത്സരങ്ങൾ.

1. ലേഖനമത്സരം: ലേഖനമത്സരം മൂന്നു ഗ്രൂപ്പുകൾക്കായിട്ടാണ് നടത്തുക.

<u>ഗ്രൂപ്പ് നമ്പർ 1:</u> അൽമായർ - <u>വിഷയം</u>: **'ദൈവവചനവും ഫ്രാൻസിസ് അസ്സീസിയും'**

<u>ഗ്രൂപ്പ് നമ്പർ 2:</u> സെമിനാരി വിദ്യാർത്ഥികൾ - <u>വിഷയം</u>: **'ദൈവവചനവും ഫ്രാൻസിസ് അസ്സീസിയും'**

<u>ഗ്രൂപ്പ് നമ്പർ 3:</u> സന്ന്യാസിനികൾ - <u>വിഷയം</u>: **'ദൈവവചനവും ഫ്രാൻസിസ് അസ്സീസിയും സന്ന്യസ്ത ജീവിതവും'**

2. മത്സരത്തിന് അയയ്ക്കുന്ന കൃതികൾ സ്വന്തവും സ്വതന്ത്രവുമായിരിക്കണം. അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്.

3. രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും അതിരൂപതയുടെ പേരും മറ്റൊരു കടലാസിലെഴുതി പിൻ ചെയ്തിരിക്കണം.

4. കടലാസിന്റെ ഒരു വശത്ത് മാത്രമേ എഴുതാവൂ. ചെറുകഥ 6 പേജുകളിലും (പ്രിന്റ് 3 പേജ്) ലേഖനം 10 പേജുകളിലും (പ്രിന്റ് 6 പേജ്) കവിത 60 വരികളിലും കവിയരുത്. ഏകാങ്കനാടകം 30 മിനിറ്റുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം.

5. രചനകൾ അയയ്ക്കുന്ന കവറിൽ 'അഖില കേരള ബൈബിൾ കലോത്സവം' എന്ന് എഴുതിയിരിക്കണം.

6. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചുനൽകുന്നതല്ല. കോപ്പികൾ ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിനുമുമ്പ് വേറെ കോപ്പി കരുതേണ്ടതാണ്. കൃതികൾ പി.ഒ.സി. യിലേക്ക് നേരിട്ടാണ് അയയ്ക്കേണ്ടത്. രചനകൾ രജിസ്ട്രേഷൻ ഫീസോടൊപ്പം സെക്രട്ടറി, ബൈബിൾ കമ്മീഷൻ, പി.ഒ.സി., പി.ബി. നമ്പർ 2251, കൊച്ചി - 682025 എന്ന വിലാസത്തിൽ നവംബർ 16-നു മുമ്പ് ലഭിക്കത്തക്കവിധത്തിൽ അയയ്ക്കേണ്ടതാണ്. ഈ തീയതിക്കുശേഷം ലഭിക്കുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.

7. രജിസ്ട്രേഷൻ ഫീസ് 50/- രൂപ ആയിരിക്കും.

8. രചനാമത്സരങ്ങൾക്ക് പ്രായനിബന്ധന ഇല്ല.

9. വിദഗ്ധരുടെ ഒരു സമിതിയായിരിക്കും രചനകൾ പരിശോധിക്കുന്നതും വിജയികളെ നിശ്ചയിക്കുന്നതും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

10. മത്സര ഇനങ്ങളുടെ ഗ്രേഡും പോയിന്റും സമ്മാനങ്ങളും മത്സരിക്കുന്നവർക്ക് ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് നിശ്ചയിച്ച് പോയിന്റുകൾ കണക്കാക്കുന്നതാണ്. ഗ്രേഡിന്റെ അടിസ്ഥാനത്തിൽ പോയിന്റുകളും മാർക്കിന്റെ അടിസ്ഥാനത്തിൽ സമ്മാനവും നിശ്ചയിക്കും പോയിന്റ് അടിസ്ഥാനത്തിൽ ആയിരിക്കും ഓവറോൾ ചാമ്പ്യൻഷിപ്പ് നിശ്ചയിക്കുക.

<u>Address</u>: Department of Bible Apostolate
Renewal Centre, Azad Road, Kaloor, Kochi-682017
Website: www.ekmbibleapostolate.com
E-mail: bibleapostolateekm@gmail.com
Mob: 9946737160 (Office)

**ഫാ. റിജു ആന്റണി വെളിയിൽ**
**ഡയറക്ടർ, ബൈബിൾ അപ്പസ്തോലേറ്റ്**

# സുബോധന

## റീജിയണൽ പാസ്റ്ററൽ സെന്റർ, അങ്കമാലി

### ജൂലൈ മാസത്തെ പരിപാടികൾ

### ജൂലൈ 12: സെമിനാർ

» **'മഹത്തായ മാനവികത"** ***(Magnifica Humanitas)***

'നിർമ്മിത ബുദ്ധിയുടെ യുഗത്തിൽ മനുഷ്യന്റെ അനന്യതയുടെ സംരക്ഷണം' എന്ന പ്രമേയത്തെ ആസ്പദമാക്കി, ലിയോ പതിനാലാമൻ പാപ്പ തയ്യാറാക്കിയ പ്രഥമ ചാക്രികലേഖനമായ *"മഹത്തായ മാനവികത"* പരിചയപ്പെടുത്തുകയും അതിന്റെ സമകാലിക പ്രസക്തി ചർച്ച ചെയ്യുകയും ചെയ്യുന്നു.

സമയം: 02.15 pm - 04.30 pm

02.15 pm രജിസ്ട്രേഷൻ

02.45 pm ചാക്രികലേഖനത്തിന്റെ സംക്ഷിപ്ത അവതരണവും വിശാല വീക്ഷണവും.

03.15 pm മാനവിക നന്മയ്ക്കായി നിർമ്മിത ബുദ്ധിയെ രൂപപ്പെടുത്താനുള്ള വഴികൾ - ചാക്രികലേഖനത്തിന്റെ സാധ്യതകൾ.

03.45 pm ചർച്ച

### ജൂലൈ 22: സത്സംഘം: കേരള ബജറ്റ് സംവാദം 2026

» **പുതുയുഗ കേരളം: വികസന സ്വപ്നങ്ങൾ – സാമ്പത്തിക യാഥാർത്ഥ്യങ്ങൾ**

2026 ജൂൺ 19-ന് അവതരിപ്പിച്ച കേരള ബജറ്റ് മുന്നോട്ടുവയ്ക്കുന്ന വികസന കാഴ്ചപ്പാടുകൾ, ജനക്ഷേമ പദ്ധതികൾ, സാമ്പത്തിക സമീപനങ്ങൾ, ഭാവി സാധ്യതകൾ എന്നിവയെക്കുറിച്ചുള്ള ആശയങ്ങളും അഭിപ്രായങ്ങളും പങ്കുവയ്ക്കുന്നതിനുള്ള ഒരു തുറന്ന വേദി.

സമയം: 06.00 pm - 08.00 pm

വരൂ... സംസാരിക്കാം...

### ജൂലൈ 27 (തിങ്കൾ) മുതൽ 31 (വെള്ളി) വരെ:

» **സഭയുടെ സാമൂഹിക പ്രബോധനങ്ങൾ: ഒരു കാലിക വായന**

ധാർമ്മിക മൂല്യങ്ങളെ ആധാരമാക്കി, ലോകത്തിലെ സാമൂഹിക, സാങ്കേതിക, സാമ്പത്തിക പരിവർത്തനങ്ങളെ വിലയിരുത്തുകയും അവയ്ക്കുള്ള

മാർഗ്ഗനിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്യുന്ന സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ സമകാലിക പ്രസക്തിയെ പരിശോധിക്കുന്ന പഠന-സംവാദ വേദി.

സമയം: 06.00 pm - 07.30 pm

ക്ലാസ്സുകൾ നയിക്കുന്നത്: ഫാ. ബാബു കളത്തിൽ

ഏവരേയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**ഫാ. ജോസഫ് പാത്താടൻ**
**ഡയറക്ടർ**

---

# AICO
## (Archdiocesan Institutions' Central Office)

### ബഡ്ജറ്റ് ബോർഡ് മീറ്റിങ്ങുകൾ

ജൂലൈ 02 ലിസി ഹോസ്പിറ്റൽ, എറണാകുളം

### സൈറ്റ് വിസിറ്റുകൾ

| | |
|---|---|
| മെയ് 25 | തൃക്കാക്കര കാർഡിനൽ സ്കൂൾ - ട്രസ്സ് വർക്ക് |
| മെയ് 26 | ചുണങ്ങംവേലി നിവേദിത - പുതിയ കൗൺസലിംഗ് റൂം നിർമ്മാണം |
| മെയ് 27 | കടവന്ത്ര മാതാ നഗർ പബ്ലിക് സ്കൂൾ - റൂഫ് വർക്ക് |
| മെയ് 29, 30 | കടവന്ത്ര മാതാ നഗർ പബ്ലിക് സ്കൂൾ - റൂഫ് വർക്ക് |
| ജൂൺ 02 | 1. എടക്കുന്ന് പ്രീസ്റ്റ് ഹോം - ലിഫ്റ്റ് സ്ഥാപിക്കൽ<br>2. മുന്നൂർപ്പിള്ളി എൽ.എഫ്. സൗരഭ്യ - മരാമത്തുപണികൾ |
| ജൂൺ 05 | കൊരട്ടി ശാന്തിഗിരി സെന്റ് ജോസഫ് ചർച്ച് - പള്ളി പുനർനിർമ്മാണം |
| ജൂൺ 08 | അന്നനാട് സെന്റ് സെബാസ്റ്റ്യൻസ് പള്ളി നവീകരണം |
| ജൂൺ 11 | എറണാകുളം ലിസി ഹോസ്പിറ്റൽ - നിർമ്മാണ പ്രവത്തനങ്ങൾ |
| ജൂൺ 12 | വെൽഫെയർ സർവ്വീസസ് എറണാകുളം - Early Intervention Centre -ലെ Pile Load Testing |
| ജൂൺ 13 | 1. അശോകപുരം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് - പാരിഷ് ഹാൾ നിർമ്മാണം<br>2. എടക്കുന്ന് പ്രീസ്റ്റ് ഹോം - ലിഫ്റ്റ് സ്ഥാപിക്കൽ<br>3. വെൽഫെയർ സർവ്വീസസ് എറണാകുളം - Early Intervention Centre -ലെ Pile Load Testing |

| | |
|---|---|
| ജൂൺ 15 | ചൂണ്ടി ഭാരതമാതാ ലോ കോളേജ് - മുൻകാല പണികൾ |
| ജൂൺ 18 | ആലുവ ഷോപ്പിംഗ് കോംപ്ലക്സ് - കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ |
| ജൂൺ 19 | 1. തൃക്കാക്കര ഗുരുകുലം - ലൈബ്രറി നവീകരണം |
| | 2. എറണാകുളം വിയാനി പ്രിന്റിംഗ്സ് - ഫ്ളോറിംഗ് നവീകരണം |
| ജൂൺ 22 | 1. എറണാകുളം വിയാനി പ്രിന്റിംഗ്സ് - ഫ്ളോറിംഗ് നവീകരണം കോൺട്രാക്ടർ ചർച്ച |
| | 2. തൃക്കാക്കര കാർഡിനൽ സ്കൂൾ - എച്ച്.എസ്. ബ്ലോക്ക് ട്രസ്സ് വർക്ക് |

**കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ്**

| | |
|---|---|
| മെയ് 22 | തൃക്കാക്കര ഗുരുകുലം - ലൈബ്രറി നവീകരണം |
| ജൂൺ 16 | മുന്നൂർപ്പിള്ളി എൽ.എഫ്. സൗരഭ്യ - മരാമത്തുപണി |

**ഫാ. ആന്റോ ചേരാംതുരുത്തി**
**സിഞ്ചെല്ലൂസ് & AICO ഡയറക്ടർ**

# CORPORATE EDUCATIONAL AGENCY

**Renewal Centre, Azad Road, Kaloor, Kochi 682 017.**
*www.ernakulameducationcouncil.com*
*Mob: 7907106119 • E-mail: ernakulameducation@gmail.com*

## സ്കൂൾ സന്ദർശനങ്ങൾ ആരംഭിക്കുന്നു

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലുള്ള സന്ദർശനങ്ങൾ ജൂലൈ മാസത്തിൽ ആരംഭിക്കുന്നു. പുതിയ അദ്ധ്യയന വർഷത്തേയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും, സ്കൂൾതല പ്രവർത്തനങ്ങൾ വിലയിരുത്താനും, കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകാനും ഉദ്ദേശിച്ചിട്ടുള്ളതാണ് സ്കൂൾ തല സന്ദർശനങ്ങൾ.

## എഴുപുന്ന സെന്റ് റാഫേൽസിനു പുതിയ യുപി മന്ദിരം

എഴുപുന്ന സെന്റ് റാഫേൽസ് ഹൈസ്കൂളിൽ നിർമ്മിച്ച പുതിയ യുപി വിഭാഗം മന്ദിരം 2026 മെയ് 31 നു അതിരൂപത വികാരി ജനറാൾ റവ. ഡോ. ആന്റോ ചേരാംതുരുത്തി വെഞ്ചരിക്കുകയും ആലപ്പുഴ എം.പി. ശ്രീ. കെ.സി.

വേണുഗോപാൽ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. എഴുപുന്ന ഇടവക സമൂഹത്തിന്റെയും അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും മേൽനോട്ടത്തിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചത്. നിർമ്മാണ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയ വികാരി റവ. ഫാ. ജോമോൻ ശങ്കുരിക്കലിനും ഇടവക സമൂഹത്തിനും ഒപ്പം നിന്ന അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാർ, നാട്ടുകാർ, അഭ്യുദയ കാംക്ഷികൾ തുടങ്ങി എല്ലാവർക്കും ഹൃദ്യമായ നന്ദി അറിയിക്കുന്നു.

**അഭിമാനർഹമായ വിജയം**

അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ 10 ഹൈസ്കൂളുകൾ എസ്എസ്എൽസിയ്ക്ക് 100% വിജയവും, 6 ഹയർ സെക്കന്ററി സ്കൂളുകൾ പ്ലസ്ടു വിന് മികച്ച വിജയവും നേടി. ഇതിൽ പിഎസ് എച്ച്എസ്എസ് തിരുമുടിക്കുന്ന് 100% വിജയം കരസ്ഥമാക്കി.

**പ്രഥമാദ്ധ്യാപകരുടെ സമ്മേളനം**

അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ പ്രഥമാദ്ധ്യാപകരുടെ യോഗം കലൂർ റിന്യൂവൽ സെന്ററിൽ നടന്നു. ശ്രീ. ജ്യോതി കുമാർ പുന്നപ്ര യുടെയും ടീമിന്റെയും നേതൃത്വത്തിൽ നടന്ന ഓറിയന്റേഷൻ പ്രോഗ്രാം മികച്ച രീതിയിൽ പുതിയ അദ്ധ്യയന വർഷത്തിലേയ്ക്ക് പ്രവേശിക്കാൻ പര്യാപ്ത മായിരുന്നു.

**ആവശ്യത്തിനു കുട്ടികളുള്ള ഗണത്തിലേക്ക് മൂന്നു പ്രൈമറി സ്കൂളുകൾ കൂടി**

സെന്റ് മേരീസ് എൽപിഎസ് കൊരട്ടി, സെന്റ് ജോർജ് എൽപിഎസ് ചക്കരകടവ്, സെന്റ് മേരീസ് യുപിഎസ് വെസ്റ്റ് ചേരാനല്ലൂർ എന്നിവയാണ് ആവശ്യത്തിനു കുട്ടികളുള്ള സ്കൂളുകളുടെ ഗണത്തിലേയ്ക്കെത്തിയത്. ഈ നേട്ടം സ്വന്തമാക്കാൻ കഠിനാദ്ധ്വാനം നടത്തിയ ബ. മാനേജരച്ചന്മാർക്കും ടീച്ചേഴ്സിനും അഭിനന്ദനങ്ങൾ. കഴിഞ്ഞ അഞ്ച് അദ്ധ്യയന വർഷങ്ങളിലായി 16 സ്കൂളുകൾ ആവശ്യത്തിനു കുട്ടികളുള്ള സ്കൂളുകളായി മാറിയെന്നത് ഏറെ സന്തോഷകരമാണ്.

**ഒഴിവുകളിലേയ്ക്കുള്ള നിയമനങ്ങൾ**

എൽപി വിഭാഗങ്ങളിലെ ഒഴിവുകളിലേയ്ക്കുള്ള സ്ഥിരനിയമനങ്ങൾക്കായി ടെസ്റ്റ്, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ പുതിയ സെലക്ഷൻ ലിസ്റ്റ് രൂപീകരിച്ചു. ഉദ്യോഗാർത്ഥികളെ തെരെഞ്ഞെടുത്തു. യുപി, എച്ച്എസ്സ് നിയമനങ്ങൾ നിലവിലുള്ള സെലക്ഷൻ ലിസ്റ്റിൽ നിന്നു തന്നെയായിരുന്നു. 2026-2027 അദ്ധ്യയന വർഷത്തിൽ വിവിധ ഭാഗങ്ങളിലായി 38 സ്ഥിര നിയമനങ്ങൾ നടത്തി.

**വായനാ വാരാഘോഷങ്ങൾ**

ജൂൺ 19 - ജില്ലാ തല വായനാവാര ആഘോഷങ്ങളുടെ ഉദ്ഘാടനം തൃക്കാക്കര കാർഡിനൽ ഹൈസ്കൂളിൽ നടന്നു. ജില്ലാ കലക്ടർ ശ്രീമതി പ്രിയങ്ക ജി. ഐഎഎസ് മുഖ്യാതിഥി ആയിരുന്നു. എല്ലാ സ്കൂളുകളിലും വിവിധ പരിപാടികളോടെ വായനാ വാരാഘോഷങ്ങൾ നടത്തപ്പെട്ടു.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**കോർപ്പറേറ്റ് മാനേജർ**

# K. C. S. L.

**കെസിഎസ്എൽ സംസ്ഥാന-രൂപത തല ഉദ്ഘാടനം**

കെസിഎസ്എൽ സംസ്ഥാന, രൂപത തല ഉദ്ഘാടനം സംയുക്തമായി കിഴക്കമ്പലം സെന്റ് ആന്റണീസ് സ്കൂളിൽ അഭിവന്ദ്യ തോമസ് ചക്യത്ത് പിതാവ് നിർവ്വഹിച്ചു. സംസ്ഥാന ഡയറക്ടർ ഫാ. ലിജോ ഓടത്തയ്ക്കൽ, ഫൊറോന വികാരി വെരി റവ.ഫ്രാൻസീസ് അരീയ്ക്കൽ, സംസ്ഥാന ട്രഷറർ ശ്രീ സോയി കളമ്പാട്ട്, അതിരൂപത പ്രസിഡന്റ് സാജു തോമസ്, അതിരൂപത ഡയറക്ടർ ഫാ. ജിബിൻ കണ്ണാട്ട് എന്നിവർ പ്രസംഗിച്ചു. റവ.ഫാ. സജോ പടയാട്ടിയുടെ നേതൃത്വത്തിൽ നടന്ന ഓറിയന്റേഷൻ പ്രോഗ്രാം ഏറെ മികച്ചതായിരുന്നു.

**കെസിഎസ്എൽ എൽപി വിഭാഗം ഉദ്ഘാടനം ചെയ്തു**

സംസ്ഥാന നേതൃത്വത്തിന്റെ നിർദ്ദേശ പ്രകാരം എൽപി വിഭാഗത്തിലും അതിരൂപതയിൽ കെസിഎസ്എൽ പ്രവർത്തനം ആരംഭിച്ചു. കിഴക്കമ്പലം സെന്റ് ആന്റണീസ് എൽപി സ്കൂളിലും, സെന്റ് ആന്റണീസ് പബ്ലിക് സ്കൂളിലുമാണ് ആദ്യ യൂണിറ്റുകൾ സ്ഥാപിതമായത്. ചരിത്രപരമായ ഈ മുന്നേറ്റത്തിനു നേതൃത്വം നൽകിയ അതിരൂപത സമിതിക്കും കിഴക്കമ്പലം ഫെറോന വികാരി റവ. ഫാ. ഫ്രാൻസീസ് അരീക്കലിനും അഭിനന്ദനങ്ങൾ. സ്കൂൾ അധികാരികൾ നൽകിയ മികച്ച പിന്തുണയ്ക്കു നന്ദി. നമ്മുടെ അതിരൂപതയിലെ മുഴുവൻ എൽപി സ്കൂളുകളിലും കെസിഎസ്എൽ പ്രവർത്തനം ആരംഭിച്ച് കുട്ടികളുടെ സമഗ്ര വളർച്ചയ്ക്കായി ഒത്തുചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ് (CML)

## പ്രവർത്തനവർഷ ഉദ്ഘാടനം

## ലഹരിവിരുദ്ധ സന്ദേശ പ്രേഷിത റാലി

ആഗോള കത്തോലിക്കാ സഭയിലെ ഏറ്റവും വലിയ അത്മായ പ്രേഷിത പ്രസ്ഥാനമായ ചെറുപുഷ്പ മിഷൻ ലീഗിന്റെ, അതിരൂപതതല പ്രവർത്തനവർഷ ഉദ്ഘാടനവും ലഹരിവിരുദ്ധ സന്ദേശ പ്രേഷിത റാലിയും 2026 ജൂലൈ 12-ന് ഞായറാഴ്ച, മേയ്ക്കാട് സെന്റ് മേരീസ് കത്തോലിക്ക പള്ളിയിൽ നടത്തപ്പെടുന്നു.

സമ്മേളനത്തിനു മുന്നോടിയായി നടക്കുന്ന ലഹരി വിരുദ്ധ സന്ദേശ റാലി ഉച്ചകഴിഞ്ഞ് 2.30-ന് മേയ്ക്കാട് മധുരപ്പുറം സെന്റ് ജോർജ് കപ്പേളയിൽ നിന്നും ആരംഭിക്കുന്നു. ഇടവക യൂണിറ്റുകളിൽ നിന്നും നിശ്ചല ദൃശ്യങ്ങളുടെയും മുത്തുക്കുടകളുടെയും വാദ്യമേളങ്ങളുടെയും അകമ്പടിയോടെ, ചെമ്മഞ്ഞ കൊടികളുമേന്തി, ലഹരി വിരുദ്ധ സന്ദേശ പ്ലക്കാർഡുകളുമായി സീനിയേഴ്സ് അംഗങ്ങളും ശാഖ-മേഖല- അതിരൂപതാ ഭാരവാഹികളും സജീവ പ്രവർത്തകരും ഇടവകാംഗങ്ങളും ഒരുമിച്ച് മുന്നേറുന്ന ഈ പ്രേഷിതറാലി തുടർന്ന്, മേയ്ക്കാട് സെന്റ് മേരീസ് പാരിഷ് ഹാളിൽ എത്തിച്ചേരുമ്പോൾ നടക്കുന്ന പൊതുസമ്മേളനത്തിന്റെ ഉദ്ഘാടനം അതിരൂപത വികാരി ജനറാൾ റവ. ഡോ. ജിമ്മി പൂച്ചക്കാട്ട് നിർവഹിക്കും. ചെറുപുഷ്പ മിഷൻ ലീഗിലൂടെ പ്രവർത്തിച്ച്, ഇപ്പോൾ ജനപ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ടവരെ തദവസരത്തിൽ ആദരിക്കുന്നതാണ്.

ലഹരി വിരുദ്ധ സന്ദേശ റാലിയും ഉദ്ഘാടന സമ്മേളനവും പ്രേഷിതാവേശം തുളുമ്പുന്ന അവിസ്മരണീയ സംഭവമാക്കി മാറ്റാൻ, എല്ലാ മുൻകാല പ്രവർത്തകരുടെയും സജീവ പ്രവർത്തകരുടെയും ഭാരവാഹികളുടെയും ക്രൈസ്തവ വിശ്വാസികളുടെയും അഭ്യുദയകാംക്ഷികളുടെയും ആത്മാർത്ഥമായ പങ്കാളിത്തവും സഹകരണവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചൻമാരുടെയും സിസ്റ്റേഴ്സിന്റെയും പ്രാർത്ഥനകളും സാന്നിധ്യ സഹായസഹകരണങ്ങളും അഭ്യർത്ഥിക്കുന്നു.

ജൂലൈ 5-ന് ഞായറാഴ്ച അങ്കമാലി സുബോധനയിൽ നടക്കുന്ന ക്വിസ് മത്സരത്തിൽ ഇടവകയിൽ നിന്നും സാധിക്കുന്നത്ര അംഗങ്ങളെ പങ്കെടുപ്പിക്കുമല്ലോ.

- മികച്ച യൂണിറ്റ് റാലിക്ക് സമ്മാനങ്ങൾ ഉണ്ടായിരിക്കും. പ്രേഷിതറാലി മനോഹരമാക്കാൻ യൂണിറ്റുകളിൽനിന്നും നിശ്ചല ദൃശ്യങ്ങളും മറ്റുമായി വരാൻ ശ്രദ്ധിക്കുമല്ലോ.
- ഇടവകകളിൽ നിന്നും, മിഷൻ ലീഗ് അംഗങ്ങൾ ആയ ജനപ്രതി നിധികളുടെ പേരും ഫോൺ നമ്പറും ജനറൽ സെക്രട്ടറിയെ (7994772636) ഏൽപ്പിക്കേണ്ടതാണ്.

**ഫാ. സെബാസ്റ്റ്യൻ പൊട്ടോളി**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

**ജൂൺ 2026**

5 അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ്, മലയാറ്റൂരിലെ മൗണ്ട് കർമലീത്ത മിണ്ടാമഠത്തിൽ നടന്ന നിത്യവ്രത സമർപ്പണ ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു.

6 അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് പാലാരിവട്ടം പി.ഒ.സി. യിൽ, മോൺസിഞ്ഞോർ സെബാസ്റ്റ്യൻ വടക്കുംപാടനച്ചൻ രചിച്ച ഗ്രന്ഥത്തിന്റെ പ്രകാശനകർമം നിർവഹിച്ചു.

12 അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ്, തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് മേജർ ആർച്ചുബിഷപ്പ്സ് ഹൗസിൽ വിശുദ്ധ കുർബാന അർപ്പിച്ചു. അതിരൂപതാ ഡയറക്ടറി (2026) യുടെ പ്രകാശനകർമം നിർവഹിച്ചു.

13 അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് കലൂർ റിന്യൂവൽ സെന്ററിൽ നടന്ന അതിരൂപതാ ഫാമിലി അപ്പോസ്റ്റൊലേറ്റിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

21 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് ചുണങ്ങംവേലി നിവേദിതയിൽ നടന്ന വൈദികരുടെ വാർഷിക ധ്യാനത്തിൽ (ആദ്യ ബാച്ച്) ആമുഖപ്രഭാഷണം നടത്തി.

23 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് ചുണങ്ങംവേലി നിവേദിതയിൽ നടന്ന വൈദികരുടെ വാർഷിക ധ്യാനത്തിൽ ധ്യാനചിന്തകൾ പങ്കുവച്ചു.

ഉച്ചകഴിഞ്ഞ്, ചേർത്തല നൈപുണ്യ കോളേജിൽ പുതുതായി നിർമിച്ച ലൈബ്രറി ബ്ലോക്കിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു.

* * * * *

# മതബോധന അദ്ധ്യയനവർഷ ഉദ്ഘാടനം

# 2026– 2027





RNI No. 3421/57
Date of Publication: 01-07-2026

Registered: KL/EKM/748/2025-27
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM

## എറണാകുളം - അങ്കമാലി അതിരൂപതാ ഫാമിലി അപ്പോസ്തോലേറ്റ് സുവർണ്ണജൂബിലി ആഘോഷം









കെട്ട് ഉറപ്പിന്റെ 50 വർഷം

Department of Family Apostolate
Major Archdiocese of Ernakulam Angamaly
1976-2026

Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.
Editor: Fr. Biju Varghese.

www.ernakulamarchdiocese.org